VACHANOLSAVAM Vol - 41 | Issue 349 | OCTOBER 2026 | Monthly | Price ₹12 | Edappally

വചനോത്സവം

ഒക്ടോബർ 2026



ഇത്ര ചെറുതാകാൻ...
ഫാ.ജോയി ചെഞ്ചേരിൽ MCBS



മരിയഭക്തി
ഡോ. സിബി മാത്യൂസ് IPS

വചനോത്സവം

വിൻസെൻഷ്യൻ വചനപ്രഘോഷണ പ്രസിദ്ധീകരണം

VOL-41/ ISSUE 349 ₹ 12.00 ഒക്ടോബർ 2026

പോട്ട - 680 722, ചാലക്കുടി, തൃശൂർ, കേരള

9496862640, 9447696622
0480-2708314, 0480-2706984

managervachanolsavam@gmail.com editor-vachanolsavam@gmail.com
www.vachanolsavam.com

രക്ഷാധികാരി
റവ. ഡോ. പോൾ പുതുവ വി.സി.

ആത്മീയ നിയന്താവ്
ഫാ. മാത്യു നായ്ക്കംപറമ്പിൽ വി.സി.

ജനറൽ മാനേജർ
ഫാ. ജോസഫ് കൈപ്പടകുന്നേൽ വി.സി.

മാനേജിംഗ് എഡിറ്റർ
ഫാ. തോമസ് മംഗലത്ത് വി.സി.

ചീഫ് എഡിറ്റർ
ഫാ. ജേക്കബ് കാട്ടിപറമ്പിൽ വി.സി.

എഡിറ്റർ
ഫാ. ജോസഫ് എടാട്ട് വി.സി.

മാനേജർ
ഫാ. പ്രിൻസ് മാഞ്ഞൂരാൻ വി.സി.

സർക്കുലേഷൻ മാനേജർ
ഫാ. ജോർജ് പനയ്ക്കൽ വി.സി.

വരിസംഖ്യ നിരക്കുകൾ

ഒറ്റപ്രതി	₹ 12
ഒരു വർഷത്തേക്ക്	₹ 140
3 വർഷത്തേക്ക് (ഇന്ത്യയിൽ മാത്രം)	₹ 420
വിദേശത്തേക്ക് (ഒരുവർഷം)	₹ 1500

10 മുതൽ 49 വരെയുള്ള കോപ്പികൾക്ക് 11 രൂപ
50 നു മുകളിൽ 10 രൂപ മാത്രം

മാസിക സംബന്ധമായ ഇടപാടുകളും അന്വേഷണങ്ങളും ഓഫീസ് സമയത്ത് (9.30 am-12.30 pm & 1.30 pm - 4.00 pm) മാത്രമായിരിക്കും

സുവിശേഷത്തിന്റെ സന്തോഷവുമായി പ്രസിദ്ധീകരണത്തിന്റെ 41 – ാം വർഷത്തിൽ



ഉള്ളടക്കം

3 തുടക്കം
ഫാ. ജേക്കബ് കാട്ടിപറമ്പിൽ വി.സി.

04 മരിയഭക്തിയുടെ ചരിത്രവഴികൾ
ഡോ. സിബി മാത്യൂസ് IPS

09 ഇത്ര ചെറുതാകാൻ...
ഫാ.ജോയി ചെഞ്ചേരിൽ MCBS

12 ജപമാല എന്താണ്?
ടി. ദേവപ്രസാദ്

16 വചനം ദൈവത്തെ കണ്ടുമുട്ടുന്ന ഇടം
ഫാ. ഡോ. ദേവ് അക്കര കപ്പൂച്ചിൻ

19 മുഖം മൂടി അഴിച്ചു മാറ്റാം
സി.റ്റി.ഡേവീസ്

21 പരിമിതികളെ തോളിലെടുക്കുന്ന തമ്പുരാൻ
കുഞ്ഞുമോൾ ബെന്നി

24 സൃഷ്ടാവിന്റെ സ്നേഹിതൻ
ജിൻസി സന്തോഷ്


26 ബലിപീഠത്തിലേക്കുള്ള യാത്ര
ഫാ. ഡാനിയേൽ പൂവണ്ണത്തിൽ

30 Luke & Lilly
ഷാജി മാലിപ്പാറ

32 Saint Francis of Assisi
Smartin K.Cherian

34 കൊട്ടിക്കലാശം









തുടക്കം

പ്രിയ വായനക്കാരേ,

വചനോത്സവത്തിൽനിന്നും സ്നേഹാഭിവാദ്യങ്ങൾ

പരിശുദ്ധ ജപമാല രാജ്ഞിയോടുള്ള ആദരവിനായി മാറ്റിവയ്ക്കപ്പെട്ടിട്ടുള്ള ഈ മാസത്തിൽ പ്രധാന ലേഖനം എഴുതിയിരിക്കുന്നത് ഡോ. സിബി മാത്യൂസ് IPS ആണ്. കേരളത്തിന്റെ മുഖ്യ വിവരാവകാശ കമ്മീഷണറും ഡി.ജി.പി. യുമൊക്കെ ആയിരുന്ന അദ്ദേഹത്തിന്റെ നമ്മോടുള്ള സഹകരണം അഭിമാനകരമാണ്. വചനോത്സവത്തിന് ലഭിക്കുന്ന സാക്ഷ്യങ്ങളിലധികവും യേശുവിനോടൊപ്പം മാതാവിനോടുകൂടി പ്രാർത്ഥിച്ചതിന്റെ ഫലമാണെന്നത് നാം മറിയത്തിന്റെ മാധ്യസ്ഥത്തിന് കൊടുക്കുന്ന പ്രാധാന്യത്തിന്റെ തെളിവ് കൂടിയാണ്. ഇത് വായിക്കുന്ന ഏവരുടെയും പ്രാർത്ഥനകൾ തുടർമാസങ്ങളിൽ സാക്ഷ്യങ്ങളായി മാറട്ടെ എന്ന് ജപമാല രാജ്ഞിയോട് പ്രാർത്ഥിക്കുന്നു. വചനോത്സവത്തിന്റെ മഹിമയാർന്ന നടത്തിപ്പിനു വേണ്ടിക്കൂടി ഒരു ജപമാല ചൊല്ലി പ്രാർത്ഥിക്കണേ എന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

നിരവധി ദിവ്യകാരുണ്യ ഗീതങ്ങൾ ക്രിസ്തീയ ലോകത്തിനു നൽകിയ ജോയി ചെഞ്ചേരിൽ അച്ചനാണ് പാട്ടുവന്നവഴിയിൽ നമ്മോട് സംവദിക്കുന്നത്. സ്വർഗ്ഗീയമായ കുർബാനയാഴങ്ങൾ പാട്ടുവരികളാക്കിയ അച്ചന്റെ എഴുത്തനുഭവങ്ങൾ നമ്മെ ഒരുപടികൂടി പരിശുദ്ധ കുർബാനയോട് അടുപ്പിക്കാതിരിക്കില്ല.

പതിവ് പംക്തികളെല്ലാം മനോഹരമായി തയ്യാറാക്കിയിട്ടുണ്ട്, വായനക്കാരിൽ നിന്ന് പ്രതീക്ഷ കലർന്ന പ്രതികരണങ്ങൾ ധാരാളം ലഭിക്കുന്നുമുണ്ട്. ഈ പ്രസിദ്ധീകരണത്തെ പടുത്തുയർത്താനുതകുന്ന നിർദ്ദേശങ്ങൾ അറിയിക്കാൻ മടിക്കരുത്. പുതിയ വായനക്കാരിലേക്ക് വചനോത്സവം എത്തിക്കാൻ പരമാവധി ശ്രമിക്കുമല്ലോ.

ഫാ. ജേക്കബ് കാട്ടിപറമ്പിൽ വി.സി.
ചീഫ് എഡിറ്റർ

മലയാളിയുടെ പ്രിയപ്രാർത്ഥന



സിബി മാത്യൂസ് IPS



പ്രാർത്ഥന

ലോകരക്ഷകനായ യേശുവേ ഈ പ്രസിദ്ധീകരണം എനിക്ക് വായിക്കാൻ കിട്ടിയതിനാൽ ഞാൻ അങ്ങേക്ക് നന്ദി പറയുന്നു. മനുഷ്യകരങ്ങളിലൂടെയാണ് ലഭിച്ചതെങ്കിലും അങ്ങു തന്നെയാണ് എനിക്കിത് തന്നയച്ചതെന്ന് ഞാൻ വിശ്വസിക്കുന്നു. എനിക്ക് ആശ്വാസവും പ്രത്യാശയും പല സംശയങ്ങൾക്കും മറുപടിയും അങ്ങിതിൽ ഒരുക്കി വച്ചിട്ടുണ്ടെന്ന് ഞാൻ കരുതുന്നു. ഇത് വായിക്കുന്നത് എനിക്ക് ആത്മീയ ഉണർവ്വിനും കുറച്ചുകൂടി അങ്ങയെ സ്നേഹിക്കാനുള്ള പ്രചോദനത്തിനും കാരണമാകേണമേ.

ഇതിൽ അങ്ങ് എനിക്കായി കരുതിവച്ചിട്ടുള്ള സന്ദേശം വായിച്ചെടുക്കാൻ അങ്ങയുടെ പരിശുദ്ധാത്മാവിനാൽ എന്നെ സഹായിക്കേണമേ. ഇതിലെ സാക്ഷ്യങ്ങൾ ജീവിത പ്രതിസന്ധികളിൽ എനിക്ക് അങ്ങയിൽ മാത്രം ആശ്രയിക്കാനും പരിഹാരം കണ്ടെത്താനും ഇടയാക്കുന്നതാകേണമേ. അനേകർക്ക് ദൈവസ്നേഹവും പ്രത്യാശയും അവ്യക്തതകളിൽ വെളിച്ചവും ലഭിക്കാൻ ഉതകുന്ന വിഭവങ്ങൾ ഇതിൽ ഉൾപ്പെടുത്താൻ ഇത് തയ്യാറാക്കുന്നവരെ അനുഗ്രഹിക്കേണമേ.

മഹത്തായ സുവിശേഷ വേലയായ വചനോത്സവ വിതരണത്തിലേക്ക് അനേകരെ കൂട്ടിക്കൊണ്ട് വരേണമേ. അതിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അവരുടെ പ്രതിസന്ധികളിൽ കൂടെ നിൽക്കുകയും പ്രാർത്ഥനകൾ സാധിച്ചു കൊടുക്കുകയും ചെയ്യേണമേ. ധാരാളം ഉദാരമതികളായ ഉപകാരികളെ കൊടുത്ത് ഈ പ്രസ്ഥാനത്തെ നിലനിർത്തുകയും ചെയ്യണമേ. ആമ്മേൻ.



യേശുവിന്റെ അമ്മയായ മറിയത്തെ 'ദൈവമാതാവ്' എന്ന് കത്തോലിക്കാ സഭയിൽ മഹനീയമായ സ്ഥാനം നൽകി വണങ്ങിവന്നിരുന്നു. 'തിയോടോക്കോസ്' എന്ന ഗ്രീക്ക് ഭാഷയിലെ പദമാണ് പുരാതന കാലം മുതൽ ഇതിനായി ഉപയോഗിച്ചു വരുന്നത്. ക്രിസ്തുവർഷം 431ൽ നടന്ന എഫേസോസ് സൂനഹദോസ് ഇതിന് ഔദ്യോഗികമായി അംഗീകാരം നൽകുകയും കന്യകാമറിയം 'യേശു എന്ന മനുഷ്യശിശുവിന്റെ മാത്രം' അമ്മയായിരുന്നുവെന്നും മറിയത്തിന് ദിവ്യത്വം നൽകാനാവില്ലെന്നുമുള്ള നെസ്തോറിയോസിന്റെ പ്രസ്താവനയെ തിരസ്കരിക്കുകയും ചെയ്തിരുന്നു.

പ്രൊട്ടസ്റ്റന്റ്/പെന്തക്കോസ്ത് സഭാവിഭാഗങ്ങൾ ഒഴികെ പൗരസ്ത്യ ആരാധനക്രമം അംഗീകരിക്കുന്ന ഓർത്തഡോക്സ്-യാക്കോബായ സഭകൾ അടക്കം കത്തോലിക്കാസഭയുടെ മറിയത്തെക്കുറിച്ചുള്ള നിലപാടുകളെ ഇന്നും അംഗീകരിക്കുന്നു. ദൈവമാതാവ് ആയതുകൊണ്ട് തന്നെ മറിയം 'അമലോത്ഭവയാണ്' എന്ന പഠനത്തെ അംഗീകരിക്കുവാൻ തടസ്സമില്ലാതാകുന്നു.

ക്രിസ്തുവർഷം പതിമൂന്നാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടു എന്ന് കരുതപ്പെടുന്ന 'നിത്യ സഹായമാതാവ്' എന്ന ചിത്രത്തിൽ മാതാവിന്റെ ശിരസ്സിന്റെ ഇരുവശങ്ങളിലുമായി MP, OY എന്ന ഗ്രീക്ക് ഭാഷയിലെ അക്ഷരങ്ങൾ എഴുതിയിട്ടുള്ളതായി കാണുന്നു. 'മാത്തേർ തിയോസ്' അഥവാ 'ദൈവമാതാവ്' എന്നർത്ഥമാക്കുന്ന വാക്കുകളുടെ ആദ്യാക്ഷരങ്ങളാണിവ.

ആദിമ ക്രൈസ്തവസഭയിലെ ആത്മീയ പിതാക്കന്മാരും മഹാപണ്ഡിതരുമായിരുന്ന വിശുദ്ധന്മാരായ അപ്രേം, അത്തനേഷ്യസ്, ഗ്രിഗറി, ജോൺ ക്രിസോസ്റ്റം, അഗസ്തീനോസ്, ബസേലിയോസ് (ബേസിൽ) മുതലായവരെല്ലാം തന്നെ മറിയത്തിന് 'ദൈവമാതാവ്' എന്ന

സ്ഥാനം നൽകി ആദരിച്ചിരുന്നു.

ബൈബിളിലെ ആദ്യ ഗ്രന്ഥമായ ഉത്പത്തി പുസ്തകം 3:15ൽ സ്ത്രീയിൽ നിന്ന് ജനിക്കാതിരിക്കുന്നവൻ സാത്താന്റെ തലയെ തകർക്കുമെന്നുള്ള വാഗ്ദാനം നൽകപ്പെട്ടു. ആ സ്ത്രീ ഏശയ്യാ 7:14 ൽ പ്രസ്താവിച്ച 'യുവതി' അഥവാ 'കന്യക' തന്നെയായിരുന്നു. അങ്ങനെ 'ഇമ്മാനുവേൽ' അഥവാ ദൈവം മനുഷ്യരുടെ ഇടയിൽ ഭൂജാതനായി എന്ന് വിശുദ്ധ മത്തായിയുടെ സുവിശേഷം 1:23 ൽ വ്യക്തമാക്കുന്നു. ഗലാത്യർ 4:4 ലും ഇത് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടല്ലോ.

ഈ വസ്തുതകളൊക്കെയും തിരസ്കരിച്ചുകൊണ്ട് പരിശുദ്ധ മറിയത്തെ നിന്ദിക്കുകയും അവഹേളിക്കുകയും ചെയ്യുന്ന 'പുതുയുഗസഭകൾ' യൂട്യൂബിലൂടെയും മറ്റും നൽകുന്ന പ്രബോധനങ്ങൾ അനേകരെ കുഴപ്പത്തിലാക്കുന്നു എന്നത് ജാഗ്രത അർഹിക്കുന്ന വിഷയമാണ്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അനേക തവണ പരിശുദ്ധ മറിയം ദർശനം നൽകിയിട്ടുണ്ട്. 1531 ൽ മെക്സിക്കോയിൽ, 1858ൽ ലൂർദ്ദിൽ (ഫ്രാൻസ്), 1917 ഫാത്തിമയിൽ (പോർട്ടുഗൽ), 1981 മുതൽ 1988 വരെ കിബേഹോയിൽ (ആഫ്രിക്കൻ രാജ്യമായ റുവാണ്ട), 1973ൽ അക്കിത്തായിൽ (ജപ്പാൻ), 1981 ന് ശേഷം പലപ്പോഴായി മെഡ്ജുഗോറിയിൽ (ബോസ്നിയ) എന്നിവയാണ് അവയിൽ ഏറ്റവും പ്രസിദ്ധമായിട്ടുള്ളത്

1570 ലും 1650ലും ദക്ഷിണേന്ത്യയിലെ വേളാങ്കണ്ണി എന്ന കടലോര ഗ്രാമത്തിലും പരിശുദ്ധ മറിയം പ്രത്യക്ഷപ്പെട്ടതായി സഭ അംഗീകരിക്കുന്നു. 'അനുതപിക്കുക, ദൈവത്തിങ്കലേക്ക് മടങ്ങി വരിക' എന്ന സന്ദേശമാണ് പരിശുദ്ധ മറിയത്തിന്റെ എല്ലാ പ്രത്യക്ഷീകരണങ്ങളിലും നൽകിയിട്ടുള്ളത്.

പരിശുദ്ധ മറിയത്തോടുള്ള വണക്കത്തിനും ജപമാല പ്രാർത്ഥനക്കുമായി ഒക്ടോബർ മാസം പ്രത്യേകമാംവിധം സമർപ്പിക്കപ്പെട്ടിരിക്കുന്നു. 'ആധുനികകാലത്തേക്കുള്ള വിശ്വാസികളുടെ ആയുധം ജപമാലയാണ്' എന്നുള്ള വിശുദ്ധ പാദ്രേ പിയോയുടെ ആഹ്വാനം അനുസ്മരിച്ചുകൊണ്ട് ഈ ഒക്ടോബർ മാസത്തിലേക്ക് പ്രവേശിക്കാം.



'ദൈവകൃപനിറഞ്ഞ മറിയമേ! സ്വസ്തി,
കർത്താവ് നിന്നോട് കൂടെ!
നീ സ്ത്രീകളിൽ അനുഗൃഹീതയാണ്.
നിന്റെ ഉദരഫലവും അനുഗൃഹീതം.
നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും.
നീ അവന് യേശു എന്ന് പേരിടണം.
അവൻ അത്യുന്നതന്റെ പുത്രൻ
എന്ന് വിളിക്കപ്പെടും'
(ലൂക്കാ 1:28–32, 42)

ജോലി തേടുന്നവരേ...



ദിവ്യ അൽഫോൻസ

യേശു അവരെ നോക്കിപ്പറഞ്ഞു: മനുഷ്യർക്ക് ഇത് അസാധ്യമാണ്; എന്നാൽ, ദൈവത്തിന് എല്ലാം സാധ്യമാണ് (മത്തായി 19 : 26).
വചനോത്സവത്തിന്റെ മധ്യസ്ഥതയിലൂടെ എന്റെ കുടുംബജീവിതത്തിൽ കർത്താവ് പ്രവർത്തിച്ച അത്ഭുതങ്ങൾ സന്തോഷത്തോടെയും അഗാധമായ നന്ദിയോടെയും പങ്കുവെക്കാനാണ് ഞാൻ ഈ സാക്ഷ്യം എഴുതുന്നത്.

സ്വപ്നവും അടഞ്ഞ വാതിലുകളും

എന്റെ സഹോദരി ദിവ്യ അൽഫോൻസയ്ക്ക് എയർലൈൻ മേഖലയിലൊരു ജോലി നേടുക എന്നത് വലിയ സ്വപ്നമായിരുന്നു. ബെംഗളൂരുവിൽ ഇൻഡിഗോയിൽ പരിശീലനം പൂർത്തിയാക്കിയെങ്കിലും, കഠിനാധ്വാനം ചെയ്തിട്ടും ആ സ്വപ്നത്തിലേക്കുള്ള വാതിലുകൾ തുറന്നില്ല. കുടുംബം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുകയായിരുന്നു. ജീവിതഭാരം വർധിച്ചതോടെ സാഹചര്യം തീർത്തും നിരാശാജനകമായി.
ഒരു മാറ്റത്തിനായി ദിവ്യ ദുബായിലേക്ക് പോയി നല്ല ജോലി അന്വേഷിച്ചു. എന്നാൽ അവിടെയും പരീക്ഷണങ്ങൾ അവസാനിച്ചില്ല. ദുബായിലെത്തിയ ശേഷം അനവധി കഷ്ടതകളും മാനസിക സംഘർഷങ്ങളും ദീർഘകാലത്തെ ജോലി അന്വേഷണവും അവളെ ഏറെ വലച്ചു.

വിശ്വാസവും പ്രതിജ്ഞയും

സഹോദരിയുടെ വേദനയും കുടുംബത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ടും കണ്ട ഞാൻ കർത്താവിലേക്ക് തിരിഞ്ഞു. വചനോത്സവത്തിലൂടെ ആത്മാർത്ഥമായി പ്രാർത്ഥിക്കാൻ തുടങ്ങി. കർത്താവേ, എന്റെ സഹോദരിക്ക് ദുബായിൽ സ്ഥിരവും നല്ലതുമായ ഒരു ജോലി നല്കുകയും ഞങ്ങളുടെ കുടുംബത്തെ ഈ പ്രതിസന്ധിയിൽ നിന്ന് ഉയർത്തുകയും ചെയ്താൽ, അങ്ങയുടെ മഹത്വം വചനോത്സവം മാസികയിലൂടെ പരസ്യമായി സാക്ഷ്യപ്പെടുത്തും എന്ന് ഞാൻ ദൈവത്തോട് നേർച്ച നേർന്നു.

വിശ്വാസത്തിന്റെ അന്തിമ പരീക്ഷണം


ഈ സാക്ഷ്യം എഴുതുന്നതുപോലും ഒരു ആത്മീയ പോരാട്ടമായി മാറി. ഈ വാക്കുകൾ എഴുതാൻ ശ്രമിക്കുമ്പോൾ അനേകം തടസ്സങ്ങളും പരീക്ഷണങ്ങളും നേരിട്ടു. പലപ്പോഴും എന്റെ ക്ഷമയും വിശ്വാസവും കഠിനമായി പരീക്ഷിക്കപ്പെട്ടു. എന്നാൽ ദൈവം മഹത്വപ്പെടാനിരിക്കുമ്പോഴാണ് ശത്രു ഏറ്റവും ശക്തമായി ആക്രമിക്കുന്നതെന്ന് ഞാൻ ഓർത്തു. അതുകൊണ്ട് ഞാൻ പ്രാർത്ഥനയിൽ ഉറച്ചുനിന്നു; എന്റെ വിശ്വാസം തളരാൻ അനുവദിച്ചില്ല.

അത്ഭുതം

ഇന്ന് കർത്താവ് ഞങ്ങളുടെ പ്രാർത്ഥനകൾ പൂർണ്ണമായി കേട്ടിരിക്കുന്നു. എല്ലാ തടസ്സങ്ങളും നീക്കി, സ്വർഗ്ഗത്തിന്റെ വാതിലുകൾ തുറന്ന്, ദിവ്യയ്ക്ക് ദുബായിൽ മികച്ചതും സ്ഥിരതയുള്ളതുമായ ഒരു ജോലി നൽകി അനുഗ്രഹിച്ചു. ഞങ്ങളുടെ കണ്ണീർ തുടച്ചുമാറ്റി, സാമ്പത്തിക ബുദ്ധിമുട്ടുകളെ അനുഗ്രഹങ്ങളാക്കി മാറ്റി. പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്ന ദൈവമാണെന്ന് അവിടുന്ന് വീണ്ടും തെളിയിച്ചു.
ഈ സാക്ഷ്യം ദൈവത്തിന്റെ വിശ്വസ്തത ലോകമെമ്പാടും പ്രഖ്യാപിക്കാനാണ് ഞാൻ പങ്കുവെക്കുന്നത്. എത്ര ശക്തമായി വാതിലുകൾ അടഞ്ഞതായി തോന്നിയാലും, എത്ര വലിയ സാമ്പത്തിക പ്രതിസന്ധികളുണ്ടായാലും പ്രത്യാശ കൈവിടരുത്. ദൈവത്തിന്റെ സമയത്തിൽ വിശ്വസിക്കുക. കാരണം, ദൈവത്തോടുകൂടെ എല്ലാം സാധ്യമാണ്.
ഈ അനുഗ്രഹത്തിനായി തിരുഹൃദയ ഈശോയ്ക്കും വചനോത്സവത്തിന്റെ ശക്തമായ മധ്യസ്ഥതയ്ക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി.

മുത്തു ദിവാകർ (സഹോദരൻ)
കോയമ്പത്തൂർ

അത്ഭുത സൗഖ്യം



ഗർഭിണിയായിരുന്ന ഞാൻ ഏഴാംമാസത്തിൽ പ്രസവിച്ച തിനാൽ മകന്റെ ആരോഗ്യനില അതീവ ഗുരുതരമായിരുന്നു. ഹൃദയത്തിൽ ബ്ലോക്കും തലയിൽ നീർക്കെട്ടും ഉണ്ടായിരുന്ന തിനാൽ വെന്റിലേറ്ററിലേക്ക് മാറ്റേണ്ടിവന്നു. കാര്യമായി ഒന്നും ചെയ്യാനില്ലെന്നും എന്തെങ്കിലും അത്ഭുതം സംഭവി ച്ചാലേ കുഞ്ഞ് രക്ഷപ്പെടൂ എന്നും ഡോക്ടർമാർ പറഞ്ഞു. നാളെ വെന്റിലേറ്ററിൽ നിന്ന് മാറ്റും എന്നുകൂടി കേട്ടപ്പോൾ ഞാൻ വല്ലാതെ വിഷമത്തിലായി. മകനെ ആരോഗ്യത്തോടെ തിരിച്ചു തന്നാൽ ദൈവമഹത്ത്വത്തിനായി വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താം എന്ന് നേർന്ന് യേശുവിനോട് മനസ്സുരുകി പ്രാർത്ഥിച്ചു. പ്രാർത്ഥനയുടെ ഫലമായി അത്ഭുതകരമായി എന്റെ കുഞ്ഞിനെ പൂർണ്ണ ആരോഗ്യത്തോടെ എനിക്ക് തിരി കെ കിട്ടി. എന്റെ മകന് ഇപ്പോൾ ഏഴു വയസ്സായി. ഞങ്ങളുടെ ജീവിതത്തിൽ മഹാത്ഭുതം പ്രവർത്തിച്ച യേശുവിന് ഒരായിരം നന്ദി.

ആതിര രാജേഷ്, തിരുവനന്തപുരം

തടസ്സങ്ങൾ മാറി



2025 ഏപ്രിൽ മാസത്തിൽ മാന്നാനം ആശ്രമദേവാലയത്തിൽ നിന്നും ലഭിക്കപ്പെട്ട വചനോത്സവത്തിൽ നിന്നുമാണ് എനിക്ക് വചനോ ത്സവവുമായി ബന്ധം ആരംഭിക്കുന്നത്. ആദ്യ വായനയിൽ തന്നെ വചനോത്സവം എന്നെ വളരെയേറെ സ്വാധീനിച്ചു. പിന്നീട് ഞാൻ അതിന്റെ വരിക്കാരനായി മാറി. അഞ്ച് വർ ഷമായി വസ്തു വാങ്ങിയിട്ടും സ്വന്തമായി ഒരു ഭവനം പണിയുവാൻ സാധിച്ചിരുന്നില്ല. 2026 ജൂൺ 8-ാം തിയതി കല്ലിട്ട് പണികൾ ആരംഭിക്കാൻ സാധിച്ചാൽ വചനോത്സ വത്തിൽ സാക്ഷ്യം നൽകി വചനോത്സവം മറ്റുള്ളവർക്ക് പങ്കുവെച്ചുകൊള്ളാം എന്ന് ഈ വർഷത്തെ പെന്തക്കോ സ്താ ദിനത്തിൽ ദൈവമുമ്പാകെ എഴുതിയിട്ട് പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥന കേട്ട് അത്ഭുതം പ്രവർത്തിച്ചു. ഒരു സാധ്യതയും ഇല്ലാതിരുന്നയിടത്ത് 2026 ജൂൺ എട്ടാം തിയതി തന്നെ ബഹുമാനപ്പെട്ട ഫാ. സേവ്യർഖാൻ വട്ടായിലച്ചനാൽ ആശീർവദിക്കപ്പെട്ട കല്ല് ഞാൻ വാങ്ങിയ വസ്തു വിൽ ഇട്ട് ഭവനനിർമ്മാണം ആരംഭിക്കുവാൻ സാധിച്ചു. ദൈവനാമമഹത്ത്വത്തിനായി ഇത് സാക്ഷ്യപ്പെടുത്തുന്നു. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

അനൂപ് തോമസ്, ആർപ്പൂക്കര



അവിടുന്നു തന്റെ വചനം അയച്ച്,
അവരെ സൗഖ്യമാക്കി; വിനാശത്തിൽ നിന്നു വിടുവിച്ചു
(സങ്കീർത്തനങ്ങൾ 107 : 20)



പാട്ടുവന്നവഴി

പരിശുദ്ധ കുർബാനയുടെ വ്യാഖ്യാനങ്ങളാണ് ചെഞ്ചേരിയച്ചന്റെ ഓരോ പാട്ടും. 'ഇത്ര ചെറുതാകാൻ എത്ര വളരേണം' എന്നത് ഒരു സുകൃതജപംപോലെ അനേകരുടെ ഹൃദയത്തിൽ പതിഞ്ഞ പ്രയോഗമാണ്. 'ദിവ്യകാരുണ്യമേ ദൈവസ്നേഹമേ' എന്ന പാട്ടിലൂടെ 'കൂടെ വസിക്കണേ പോകരുതേ..' എന്ന് നാമറിയാതെ നമ്മെക്കൊണ്ട് പാടിക്കുന്ന മാന്ത്രികനായി അച്ചൻ മാറുന്നുണ്ട്. പ്രാണൻ കൊണ്ടും പ്രാതലൊരുക്കുന്ന ദൈവത്തിന്റെ മാതൃഭാവത്തെ വരച്ചുകാട്ടി ദിവ്യകാരുണ്യം ഒരു സ്നേഹബലമാണെന്ന് പറഞ്ഞുതരാൻ ദൈവത്തിന്റെ കയ്യൊപ്പുള്ള ഒരാൾക്കേ സാധിക്കൂ. ഭക്തിഗാനത്തിന്റെ മർമ്മത്തിൽ 'കൊറസ്' പ്രതിഷ്ഠിച്ച് ഒരു മാസ്മരിക ഭംഗി കൊടുത്ത് അത് അനുവാചകരിൽ പ്രവേശിപ്പിച്ച് അവരെ ദിവ്യകാരുണ്യലഹരിയിലെത്തിക്കുന്ന സൂത്രവിദ്യയാണ് ഓരോ പാട്ടിലും അച്ചൻ ഉപയോഗിക്കുന്നത്. ആവർത്തിച്ചു പാടേണ്ട ഈരടികളിലൂടെ പരിശുദ്ധ കുർബാനയെ എത്ര ലളിതമായാണ് മനുഷ്യന്റെ സാധാരണ ചിന്തയുടെ ഭാഗമാക്കി മാറ്റുന്നത്. ആഗ്രാഹ്യമെന്ന് പൊതുവേ പറയപ്പെടുന്ന കുർബാനരഹസ്യങ്ങൾ മനുഷ്യഹൃദയങ്ങളിലേക്ക് ഒളിച്ചുകടത്തുന്ന മായാജാലക്കാരനാണ് ദിവ്യകാരുണ്യ മിഷനറി സഭാംഗമായ (MCBS) ജോയി ചെഞ്ചേരിൽ അച്ചൻ. സ്വന്തം അനുഭവത്തിൽ നിന്ന് പിറന്ന വിഖ്യാത ഗാനത്തിന്റെ സ്വർഗ്ഗീയ പശ്ചാത്തലങ്ങൾ നമുക്ക് വായിക്കാം.

ഇത്ര ചെറുതാകാൻ ...

ഫാ.ജോയി ചെഞ്ചേരിൽ MCBS

ഒരുന്നൊരു വ്യാഴാഴ്ചയായിരുന്നു. തലേന്ന് ഉപരിപഠനാർഥം കോഴിക്കോട് സർവകലാശാലയിലേക്കു പോകുവാനായി കോട്ടയത്തുനിന്നും രാത്രി ബസ്സു കയറി. അതിരാവിലെ ബസ്സ് തേഞ്ഞിപ്പാലത്ത് എത്തി. പ്രഭാതത്തിൽ കുർബാന അർപ്പിച്ചിരുന്ന പതിവുണ്ടായിരുന്നതിനാൽ ഇന്ന് അതിനു സാധിക്കില്ലല്ലോ എന്നൊരു തേങ്ങൽ മനസ്സിനെ അലട്ടി. അങ്ങനെ നില്ക്കുമ്പോഴാണ് അടുത്തെവിടെനിന്നോ ദൈവാലയമണിനാദം കേൾക്കാനിടയായി. അവിടേക്കു ലക്ഷ്യംവച്ച് നടക്കുകയും ചെയ്തു. നിനച്ചതുപോലെതന്നെ എല്ലാവരെയും ബലിയർപ്പണത്തി

നുവേണ്ടി ക്ഷണിച്ചുകൊണ്ടുള്ള മണിനാദമായിരുന്നു അത്. ഒരു പുരോഹിതനായ ഞാൻ ജനങ്ങൾക്കൊപ്പം നിന്ന് ബലിയിൽ പങ്കുകൊണ്ടു. വൈദികനായതിനുശേഷം ആദ്യമായിട്ടാണ് അന്നു ജനങ്ങൾക്കിടയിൽനിന്നു ബലിയർപ്പിക്കാൻ ഇടവന്നത്. ഒരു ആരാധനാസമൂഹത്തിന്റെ പ്രാർത്ഥനാശീലുകളിലും സങ്കീർത്തനങ്ങളിലുമെല്ലാം അവരോടൊപ്പം ഞാനും പങ്കുചേർന്നു.

കുർബാനസ്വീകരണത്തിനു സമയമായി. ആരാധനാസമൂഹത്തോടൊപ്പം ഒരു വരിയിൽ ഞാനും മുന്നോട്ടുനീങ്ങി. കൈകൾ കുരിശാകൃതിയിൽ നീട്ടിക്കൊണ്ട് ദിവ്യകാരുണ്യനാഥനെ കൈക്കൊണ്ടു. ബലിപീഠത്തിൽ പുരോഹിതൻ ഉൾക്കൊള്ളുന്നത് വലിയ തിരുവോസ്തിയാണ്. എന്നാൽ കൈവെള്ളയിലേക്കു ചെറിയ അപ്പക്കഷണം വയ്ക്കപ്പെടുമ്പോൾ ഹൃദയത്തിലൂടെ കടന്നുപോയ ഒരു മിന്നൽപ്പിണർ എന്നെക്കൊണ്ട് എഴുതിക്കുകയായിരുന്നു ദിവ്യകാരുണ്യത്തെപ്പറ്റിയുള്ള അനശ്വരമായ ആ ഈരടികൾ.

‘ഇത്ര ചെറുതാകാൻ എത്ര വളരേണം
ഇത്ര സ്നേഹിക്കാൻ എന്തു വേണം’

എഴുതിയതെന്ന് എനിക്കൊരിക്കലും അവകാശപ്പെടാനില്ല. എഴുതിച്ചത് അവനാണെന്നുള്ള അവബോധത്തിനു മുൻപിൽ കൂപ്പുകൈകളോടെ നിൽക്കുന്നു.

രണ്ടായിരംവർഷംകൊണ്ട് തിരുസഭയ്ക്കു പരിശുദ്ധ കുർബാനയെക്കുറിച്ച് പറയാനുള്ളതെല്ലാം ഈ രണ്ടു വരികളിലുണ്ടെന്നു കേരളസഭയിലെ ഒരു മെത്രാനും ഇതു വിശുദ്ധ കുർബാനയുടെ ദേശീയ ഗാനമാണെന്നു ഒരു മെത്രാപ്പോലീത്തയും ഈ ശീലുകളെ വിശേഷിപ്പിച്ചപ്പോൾ ദൈവത്തിനു സ്തുതി എന്നല്ലാതെ മറ്റൊന്നും പറയാൻ തോന്നുന്നില്ല. ആ വരികളിൽ നിറഞ്ഞു കവിയുന്ന ദൈവസ്നേഹാനുഭവത്തിൽ ചിലരൊക്കെ ആത്മഹത്യാമുനമ്പിൽനിന്ന് തിരികെനടന്നതും മറ്റുചിലർ സന്ന്യാസ – പൗരോഹിത്യജീവിതാന്തസ്സുകളിൽ ഉറച്ചുനിന്നുവെന്നു പറഞ്ഞതും ചിലർക്കൊക്കെ അതു രോഗസൗഖ്യത്തിനും മറ്റു ചിലർക്കു മനക്കലക്കങ്ങളിൽ ആശ്വാസമായും ഇതര മതസ്ഥർക്കുപോലും തോന്നിയെന്നു പറഞ്ഞിട്ടുള്ളതിൽനിന്ന് ദൈവം കരംപിടിച്ചെഴുതിയതിന്റെ മേന്മയല്ലാതെ മറ്റൊന്നുമില്ല.

ചെറുതായവർക്കും ചെറുതാക്കപ്പെടുന്നവർക്കുമൊക്കെ തിരുവോസ്തി നൽകുന്ന ശക്തി അപാരവും മനുഷ്യബുദ്ധിക്ക് അതീതവുമാണ്. മനുഷ്യന്റെ കൈവെള്ളയിലേക്ക് നിസ്സാരമായ ഒരു അപ്പക്കഷണത്തിന്റെ ശൂന്യതയിൽ മറയാൻ അവനെ പ്രേരിപ്പിച്ച മഹാസ്നേഹരഹസ്യമാണ് പരിശുദ്ധകുർബാന. ഇന്നും പ്രപഞ്ചത്തെയും പ്രതിഭാസങ്ങളെയും കാൽക്കീഴിലാക്കി വലിയവരാകാൻ ആവേശപ്പെടുന്ന ഒരു ലോകത്തിന് മറുമരുന്നും പ്രതിബോധമായും കുർബാന നിലകൊള്ളുന്നു. പിന്നീടുള്ള ധ്യാനത്തിലാണ് ഈ ഗാനത്തിന്റെ ബാക്കി വരികൾ പിറവികൊള്ളുന്നത്. അവനെ സ്വീകരിക്കാൻവേണ്ടി കുരിശാകൃതിയിൽ ഞാൻ നീട്ടിയ കരങ്ങൾ അവനെ ക്രൂശിച്ച കരങ്ങൾ തന്നെയാണെന്നും അവനെ എടുത്തുവെച്ച നാവ് അവനെത്തന്നെ തള്ളിപ്പറയാനും അവനെതിരെ ഭള്ളുപറയാനും ഉപയോഗിച്ചതാണെന്നും തിരിച്ചറിവുണ്ടായനിമിഷങ്ങൾ!

അവനെ സ്വീകരിച്ച മാനസം അവനെത്തന്നെ നിന്ദിച്ചപമാനിച്ചതാണെന്നും അവൻ അലിഞ്ഞുചേർന്ന ഉൾത്തടം കോപക്കലിപൂണ്ടതാണെന്നുമുള്ള നേരറിവിലേക്കു മനസ്സു യാത്രചെയ്തു. സർവം സൃഷ്ടിച്ചവൻ സർവത്തിന്റെയും അധിനാഥൻ സ്നേഹത്തെ വാക്കുകൾകൊണ്ട് വ്യാഖ്യാനിക്കുകയായിരുന്നില്ല എന്നു ഞാൻ തിരിച്ചറിഞ്ഞു. നോവിപ്പിച്ച എന്റെ നാവിലേക്കും ക്രൂശിച്ച എന്റെ കരങ്ങളിലേക്കും നിന്ദിച്ച മാനസത്തിലേക്കും കോപംപൂണ്ട ഉള്ളിലേക്കുമെല്ലാം ആത്മദാനത്തിലൂടെ അവൻ സ്നേഹത്തിന്റെ അഗ്നിജ്വാലയായി, കാരുണ്യതീർഥമായി, കൂടെയുണ്ടെന്ന ബലമായി, കൂട്ടുപിരിയില്ലെന്ന ഉറപ്പായി, ജീവനുള്ള ദൈവമായി കൂടെ വരികയായിരുന്നു.

ദൈവം സ്നേഹമാണെന്നു പലതവണ വചനത്തിൽ വായിച്ചിട്ടുണ്ടെങ്കിലും സ്വർഗം വിട്ടു ഭൂമിയിലേക്കുവന്നെന്ന് പലവുരു ആവർത്തിച്ചിട്ടും മനസ്സിനെ തൊടാത്ത സ്നേഹാനുഭവം കുർബാനയിൽ സ്വീകരിക്കപ്പെടുകയായിരുന്നു. ദിവ്യകാരുണ്യത്തിൽ നിന്ന് പകർന്ന ഈ സ്നേഹാനുഭവത്തിന്റെ ആഴം ഇന്നും മിഴികളിൽ നനവായി പടരുന്നുണ്ട്. കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല് എന്നിങ്ങനെ പകരത്തിനു പകരം കൊടുക്കുന്നതിനുമാത്രം പ്രസക്തി ഏറുന്ന ലോകത്തിൽ ഈ ഗാനത്തിനുള്ള പ്രാധാന്യം വളരെ വലുതാണ്, ദൈവസ്നേഹത്തിന്റെ ആഴവും പരപ്പും ചെറിയ ക്യാൻവാ

സിൽ ഒതുങ്ങിനിന്നുകൊണ്ട് വിശാലമാക്കുന്നു, ക്രിസ്തീയ ദർശനത്തിന്റെ ആഴം മുഴുവൻ ഈ പാട്ടിൽ അന്തർലീനമാണ് എന്നിങ്ങനെയുള്ള പഠനങ്ങളും ആസ്വാദകക്കുറിപ്പുകളും ഈ ഗാനത്തെ കാലാതിവർത്തിയായി നിലനിർത്തുന്നു.

ഇത്ര ചെറുതാകാൻ എത്ര വളരണമെന്ന്, ഇത്ര സ്നേഹിക്കാൻ എന്തുവേണമെന്ന് ഹൃദയം കൊണ്ട് ദിവ്യകാരുണ്യനാഥനോട് ചോദിച്ചപ്പോഴൊക്കെ കിട്ടിയ ദിവ്യാനുഭവങ്ങൾ ഖണ്ഡകാവ്യങ്ങൾക്കും മഹാകൃതികൾക്കും അപ്പുറമാണല്ലോയെന്ന അതിശയം ഇന്നും ചിലതൊക്കെ എഴുതാനും പറയാനും പാടാനും എളിയവനായ എന്നെ നിർബന്ധിച്ചുകൊണ്ടേയിരിക്കുന്നു ഴ

പാട്ടു കേൾക്കാൻ QR code
സ്കാൻ ചെയ്യുക

SCAN ME

സൗഖ്യദായകനായ ഈശോ



2023ൽ എനിക്ക് കുടലിൽ കാൻസർ രൂപപ്പെടുകയും ഗൗരവമേറിയതും സൂക്ഷ്മത വേണ്ടതുമായ ശാസ്ത്രക്രിയ ആവശ്യമാവുകയും ചെയ്തു. ശാസ്ത്രക്രിയ വിജയകരമാവുകയാണെങ്കിൽ വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിച്ച് ഞാൻ യേശുവിനോട് പ്രാർത്ഥിക്കുകയും മാതാവിന്റെ മാദ്ധ്യസ്ഥം തേടുകയും ചെയ്തു. ഒരു കുഴപ്പവുമില്ലാതെ ശാസ്ത്രക്രിയ പൂർത്തിയാക്കി. ദൈവമഹത്ത്വത്തിനായി ഞാനിത് സാക്ഷ്യപ്പെടുത്തുന്നു. യേശുവേ, നന്ദി. യേശുവേ സ്തോത്രം.

ജോസഫ് ഫ്രെഡറിക് മനോഹർ,
ബാംഗ്ലൂർ



എന്റെ മുഖത്തും ശരീരത്തിലും വർഷങ്ങളായിട്ട് വെള്ള പാട് ഉണ്ടായിരുന്നു. ഒരുപാട് സ്ഥലങ്ങളിൽ ചികിത്സ ചെയ്തിരുന്നു. ഒരു കുറവും ഉണ്ടായിരുന്നില്ല. പോട്ട ആശ്രമത്തിൽ വന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി മുഖത്തെയും ശരീരത്തിലേയും പാടുകൾ എല്ലാം മാറി. ഈശോയ്ക്ക് നന്ദി പറഞ്ഞുകൊണ്ട് ഞാൻ വചനോത്സവത്തിൽ ഈ സൗഖ്യം സാക്ഷ്യപ്പെടുത്തുന്നു. കൂടാതെ എന്റെ അച്ഛന്റെ അമ്മയ്ക്ക് മൂന്ന് ഓപ്പറേഷൻ നടത്തി. മൂന്ന് ഓപ്പറേഷനും ഇൻഫെക്ഷൻ ആറുമാസം വരെ ഉണ്ടാകുമായിരുന്നു. നാലാമത്തെ ഓപ്പറേഷൻ ചെയ്യാൻ പറ്റില്ലെന്ന് എല്ലാ ആശുപത്രിയിലും അറിയിച്ചു. ഇവിടെവന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി ഇൻഫെക്ഷൻ ഒന്നും ഇല്ലാതെ സുഖപ്പെട്ടു. യേശുവേ നന്ദി. യേശുവേ, സ്തോത്രം.

കാവ്യ ബൈജു, കുറുമശ്ശേരി



ദൈവമാണു നമ്മുടെ അഭയവും ശക്തിയും;
കഷ്ടതകളിൽ അവിടുന്നു സുനിശ്ചിതമായ തുണയാണ്.
(സങ്കീർത്തനങ്ങൾ 46 : 1)



എമ്മേ ദ് ആലാഹ
ടി.ദേവപ്രസാദ്

ജപമാല എന്താണ്?

ലോകം മഹാദുരന്തത്തിന്റെ വക്കിലാണെന്ന മുന്നറിയിപ്പുമായി പരിശുദ്ധ അമ്മ 1985 മെയ് 24 ന് കടന്നു വന്ന സ്ഥലമാണ് തെക്കൻ ഇറ്റലിയിലെ ഒലിവെറ്റോ സിട്ര. അന്ന് അവിടെ ഇടവക മധ്യസ്ഥനായ വിശുദ്ധ മക്കാറിയൂസിന്റെ തിരുനാളായിരുന്നു. ആത്മീയമായ ആഘോഷങ്ങളെക്കാൾ അവർ ഭൗതികമായ കൊണ്ടാട്ടങ്ങളോടെയാണ് തിരുനാൾ കൊണ്ടാടിക്കൊണ്ടിരുന്നത്. 1980 ൽ ഒരു ഭൂമികുലുക്കത്തിന്റെ ദുരന്തങ്ങൾ ഏറ്റുവാങ്ങിയിട്ടും അവർക്കു മാനസാന്തരം ഉണ്ടായില്ല. നിരീശ്വരവാദിയായ ഒരു കമ്മ്യൂണിസ്റ്റുകാരനെ ആ കൊല്ലം അവർ മേയറായി തെരഞ്ഞെടുത്തിരുന്നു.

തിരുനാളാഘോഷത്തിനിടയിൽ ഒരു ഡസനോളം കുട്ടികൾ നിരത്തിൽ കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് ഒരു കുഞ്ഞിന്റെ കരച്ചിൽ കേട്ട് അവർ തല ഉയർത്തി നോക്കി. അകലെ കോട്ടയ്ക്കുള്ളിൽ അസാധാരണമായ പ്രകാശം. അതിലേക്ക് അവർ തുറിച്ചു നോക്കി പിന്നെ അവർ കല്ലെറിഞ്ഞു. പ്രകാശത്തിൽ കോട്ടയുടെ ഗേറ്റിനടുത്ത് ഒരു സ്ത്രീയും

കുഞ്ഞും നിൽക്കുന്നതുപോലെ അവർക്കു തോന്നി. സാവകാശം അവരിൽ ഭീതി നിറഞ്ഞു. അവർ ഓടി. കണ്ടവരോടെല്ലാം വിവരം പറഞ്ഞു. അതു കേട്ട അനിറ്റാ റിയോ എന്ന ബാർമെയ്ഡ് കോട്ടയിലേക്ക് ഓടി. അവൾ ശരിക്കും പ്രകാശത്തിൽ നിൽക്കുന്ന സ്ത്രീയെ കണ്ടു. സംസാരിച്ചു. അതു കഴിഞ്ഞതോടെ അവൾക്കു വല്ലാത്ത അസ്വസ്ഥതയായി. അനിറ്റായെ ആശുപത്രിയിലെത്തിച്ചു. നിങ്ങളെ കാത്ത് ഞാൻ ഇവിടെ എത്തും അന്ന് അമ്മ അനിറ്റയോട് പറഞ്ഞതാണ്. തുടർച്ചയായി അമ്മ വന്നുകൊണ്ടിരുന്നു. ധാരാളം പേർ അമ്മയെ കണ്ടു. അക്വാവിവ കുടുംബത്തിലെ ഇരട്ടകളായ ദിനോയും കാമറിനും (15) അനിത്താ റിയോ (24), ഡി ബെല്ലിസ് കുടുംബത്തിലെ പെങ്ങളും ആങ്ങളയുമായ സബ്രിന (13) മാർക്കോ (11) യും ബെർട്ടോ ഗാബിയാർഡി, അന്തോണിയെല്ലാ ജിയോർഡാനോ, താർസിസിയോ ഡിബിയാസി, മാഫാൾഡ മത്തിയ, അന്തോണിയോ ഇയാനെക്ക എന്നിവരാണ് ദർശകരിൽ പ്രമുഖർ. സ്ഥലത്തെ ആർച്ച് ബിഷപ്പ് ഗ്രിമാൾഡി ദർശനത്തെക്കുറിച്ച് ഔദ്യോഗിക പരിശോധന ആരംഭിച്ചു കഴിഞ്ഞു.

ഓരോ ദിവസവും അമ്മ ഓരോരുത്തർക്ക് ഓരോ സന്ദേശം നല്കി. കളിച്ചുകൊണ്ടിരുന്ന കുട്ടികൾക്കിടയിൽ ഉണ്ടായിരുന്ന വിൻചെൻസോയുടെ അമ്മ മെഫാൾഡ മത്തിയായോട് അമ്മ പറഞ്ഞു.'ലോകം ദുരന്തത്തിന്റെ വക്കിലാണ്. ലോക നേതാക്കൾക്കായി പ്രാർത്ഥിക്കുക. യുദ്ധത്തിനു വേണ്ടി ഒരുങ്ങുന്ന തിരക്കിലായതിനാൽ അവർക്കു പ്രാർത്ഥിക്കുവാൻ സമയമില്ല'. തർസിസിയോ ഡി. ബിയാസിയോട് അമ്മ പറഞ്ഞു 'എനിക്കു തിരിയോ പൂക്കളോ വേണ്ട. പകരം നിങ്ങൾ പ്രാർത്ഥിക്കുക'. അക്വാവീവ സഹോദരിമാരോട് പറഞ്ഞു. 'കുടുംബങ്ങളിൽ ജപമാല ചൊല്ലണം. കൈകൾ കോർത്തു പിടിച്ചു ജപമാല ചൊല്ലുക'.. പാപം മൂലം ലോകത്തിൽ മാരകരോഗങ്ങൾ ഉണ്ടാകാനിരിക്കുന്നു. ദൈവത്തിലേക്കു തിരിയുക. ഉപവി പ്രവർത്തനങ്ങൾ നടത്തുക. വിശുദ്ധ കുർബാനയിൽ പങ്കെടുക്കുക. അമ്മ ഉപദേശിച്ചു.

ദൈവം തരുന്ന മുന്നറിയിപ്പുകൾ തമാശയായി കണക്കാക്കരുത്. ദൈവം ലോകത്തെ ശിക്ഷിക്കാതിരിക്കുന്നതിന് പ്രാർത്ഥിക്കുക. ധാരാളം പ്രാർത്ഥിക്കുക. പ്രായശ്ചിത്തം ചെയ്യുക. ലോകത്തിലെ സമാധാനം വലിയ ഭീഷണി നേരിടാൻ പോകുന്നു. ദൈവത്തിലേക്കു മടങ്ങുക. സാത്താനുമായുള്ള അന്തിമ പോരാട്ടത്തിന് തയ്യാറാവുക. അമ്മ ഉപദേശിച്ചു.

1208 ൽ ഫ്രാൻസിലെ പ്രോവിൽ ആശ്രമത്തിൽ വച്ച് വി.ഡോമിനിക്കിന് ജപമാല പ്രാർത്ഥന പറഞ്ഞുകൊടുത്ത ശേഷം അമ്മ നടത്തിയിട്ടുള്ള എല്ലാ പ്രത്യക്ഷപ്പെടലുകളിലും നടത്തുന്ന പ്രധാന അഭ്യർത്ഥന ഇതാണ്.. ജപമാലചൊല്ലുക.

എന്താണ് ജപമാല

സുവിശേഷത്തിന്റെ സാരസംഗ്രഹമാണ് ജപമാല എന്ന് ആദ്യം പറഞ്ഞത് വി.പോൾ ആറാമൻ പാപ്പാ ആണെങ്കിലും വി.ജോൺ പോൾ രണ്ടാമനടക്കം നിരവധി മാർപ്പാപ്പാമാർ ഏറ്റുപറഞ്ഞ സത്യമാണത്. അത്മായർക്കും അർപ്പിക്കാവുന്ന വിശുദ്ധ കുർബാനയാണ് ജപമാല എന്ന് പഠിപ്പിക്കുന്ന ആത്മീയ പിതാക്കന്മാരുണ്ട്. കടന്നു പോയ ഫ്രാൻസിസ് മാർപ്പാപ്പാ പറയുന്നത് കരുണയുടെ ചരിത്രമാണ് ജപമാല എന്നാണ്.

ജപമാലയിൽ പരിശുദ്ധ മറിയത്തോട് ചേർന്ന് നാം ഈശോയുടെ ജീവിതത്തിലെ സുപ്രധാന സംഭവങ്ങളെക്കുറിച്ച് ധ്യാനിക്കുന്നു. അതിലൂടെ ക്രിസ്തുദൗത്യം ഈ ലോകത്ത് നിറവേറപ്പെട്ട കാലത്തേക്ക് നാം ആത്മാവിലും ഹൃദയത്തിലും മടങ്ങിയെത്തുകയാണ്, ഫ്രാൻസിസ് പാപ്പാ പറഞ്ഞു

ജപമാല പ്രാർത്ഥന പലവിധത്തിൽ ദൈവകരുണയുടെ ചരിത്രത്തിന്റെ സമന്വയം ആണ്. ഫ്രാൻസിസ് പാപ്പാ വിശദീകരിക്കുന്നു. കൃപയാൽ രൂപാന്തരപ്പെടുത്തപ്പെടുവാൻ വിട്ടുകൊടുക്കുന്നവർക്കെല്ലാം രക്ഷയുടെ ചരിത്രം, നമുക്കായുള്ള ദൈവത്തിന്റെ ചരിത്രത്തിലെ ഇടപെടൽ, വികസിക്കുന്നതിന്റെ വസ്തുനിഷ്ടമായ സംഭവങ്ങളാണ് നാം ധ്യാനിക്കുന്ന രഹസ്യങ്ങൾ.

എല്ലാം ജീവനിലേക്ക് പുനരുദ്ധരിക്കുന്ന പിതാവിന്റെ സീമാതീതമായ സ്നേഹത്തിന്റെ അടയാളമായി പുനരുത്ഥാനരഹസ്യങ്ങളിൽ അവ പൂർണ്ണമാകുന്നു. നമുക്കെല്ലാം സംലഭ്യമാകാനിരിക്കുന്നതിന്റെ മുന്നാസ്വാദനമാണ് പുനരുത്ഥാന രഹസ്യത്തെക്കുറിച്ചുള്ള ധ്യാനം. സ്വർഗ്ഗാരോപണമാകട്ടെ പിതാവിന്റെ മഹത്വത്തിലുള്ള പങ്കാളിത്തമാണ്. ഇവിടെ നമ്മുടെ മാനുഷികത വളരെ സവിശേഷ പദവി നേടുന്നു. പന്തക്കുസ്തയാകട്ടെ, പരിശുദ്ധാത്മാവിന്റെ നി

യന്ത്രണത്തിൽ ലോകാവാസനം വരെയുള്ള ചരിത്രത്തിലെ സഭയുടെ ദൗത്യത്തിന്റെ പ്രകടനമാണ്. അവസാനത്തെ രണ്ടു രഹസ്യങ്ങളിലാകട്ടെ കന്യകാമറിയത്തെ നാം സ്വർഗത്തിന്റെ മഹത്വത്തിൽ ധ്യാനിക്കുന്നു. ആദിമ നൂറ്റാണ്ടുകൾ മുതലെ മറിയത്തെ കരുണയുടെ അമ്മയായി സഭ വിളിച്ച് പ്രാർത്ഥിച്ചിരുന്നു.

യേശുക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ചുള്ള ധ്യാനത്തിലൂടെയും പ്രാർത്ഥനയിലൂടെയും, ജീവിതത്തിലെ നിരവധിയായ ആവശ്യങ്ങളിൽ അവിടുന്ന് എല്ലാവരെയും കാണിക്കുന്ന, അവിടുത്തെ കരുണാർദ്രമായ മുഖം നാം വീണ്ടും കാണുന്നു. ഈ യാത്രയിൽ മറിയം, പിതാവിന്റെ അതെ കരുണ പ്രസരിപ്പിക്കുന്ന തന്റെ പുത്രന്റെ മുഖം ചൂണ്ടിക്കാണിച്ചുകൊണ്ട് നമുക്കൊപ്പം സഞ്ചരിക്കുന്നു. ഈശോയുടെ യഥാർത്ഥ ശിഷ്യരാകുന്നതിന് നാം സഞ്ചരിക്കേണ്ട പാത ചൂണ്ടിക്കാണിക്കുന്ന അമ്മ. ജപമാലയിലെ ഓരോ രഹസ്യത്തിലും നാം അവളുടെ സാമിപ്യം അനുഭവിക്കുന്നു. തന്റെ പുത്രന്റെ പ്രഥമ ശിഷ്യയായി അവളെക്കുറിച്ചും നാം ധ്യാനിക്കുന്നു. കാരണം അവൾ നിറവേറ്റുന്നത് പിതാവിന്റെ ഹിതമാണല്ലോ. (ലൂക്ക.8.19-21)

ജപമാല പ്രാർത്ഥിക്കുന്നതുകൊണ്ട് നമ്മുടെ ജീവിതത്തിലെ പ്രശ്നങ്ങളെല്ലാം നീക്കം ചെയ്യപ്പെടുന്നില്ല. പിന്നെയോ ഓരോ ദിവസത്തിന്റെയും സംഭവങ്ങളിൽ പൂർണ്ണമായി പങ്കാളിയാകുവാനും അങ്ങനെ നമുക്കിടയിലെ ക്രിസ്തുവിന്റെ സാന്നിധ്യത്തിന്റെ അടയാളങ്ങൾ മനസിലാക്കുവാനും അത് നമ്മോട് ആവശ്യപ്പെടുന്നു.

നാം ഒരു സംഭവം ധ്യാനിക്കുമ്പോൾ, ക്രിസ്തുവിന്റെ ജീവിതത്തിലെ ഒരു രഹസ്യം ധ്യാനിക്കുമ്പോൾ ദൈവം എങ്ങനെയാണ് നമ്മുടെ ജീവിതങ്ങളിലേക്ക് വരുന്നത് എന്ന് ചിന്തിക്കുവാനും, അങ്ങനെ അവിടുത്തെ സ്വാഗതം ചെയ്യുവാനും അനുഗമിക്കുവാനും പ്രാപ്തരാകുവാൻ വിളിക്കപ്പെടുന്നു. അതിലൂടെ നമ്മുടെ സഹോദരീസഹോദരന്മാരെ ശുശ്രൂഷിച്ചുകൊണ്ട് എങ്ങനെ ക്രിസ്തുവിനെ പിൻചൊല്ലാം എന്ന് കണ്ടുപിടിക്കുന്നു.

യേശുവിന്റെ ജീവിതത്തിലെ ഏതാനും സുപ്രധാന സംഭവങ്ങളെ സ്വീകരിച്ചും സ്വന്തമാക്കിക്കൊണ്ടും നാം അവിടുത്തെ സുവിശേഷീകരണദൗത്യത്തിൽ പങ്കാളിയാകുന്നു. അങ്ങനെ ദൈവത്തിന്റെ രാജ്യം വളരുകയും ലോകത്ത് പടരുകയും ചെയ്യുന്നു.

നാം ശിഷ്യരാണ്. അവിടുന്ന് നമ്മെ എത്തിക്കുന്നിടത്തെല്ലാം ക്രിസ്തുവിനെ സന്നിഹിതനാക്കുന്ന മിഷണറിമാരുമാണ്. അതുകൊണ്ട് അവിടുത്തെ സാന്നിധ്യത്തിന്റെ അനുഗ്രഹം നമുക്കായി മാത്രം സൂക്ഷിക്കാനാവില്ല. നേരെ മറിച്ച് അവിടുത്തെ സ്നേഹവും ആർദ്രതയും നന്മയും കരുണയും എല്ലാവരുമായി പങ്കുവയ്ക്കുവാൻ നിയോഗിക്കപ്പെട്ടവരാണ്. ആ പങ്കുവയ്ക്കലിന്റെ സന്തോഷത്തിന് ഒരു തടസവും ഉണ്ടാവില്ല. കാരണം അത് നൽകുന്നത് സ്വാതന്ത്ര്യത്തിന്റെയും രക്ഷയുടെയും സന്ദേശമാണ്.

ക്രിസ്തുവിന്റെ ശിഷ്യനാവുക

ക്രിസ്തുവിന്റെ ശിഷ്യനാവുക എന്നാൽ എന്താണ് എന്ന് മനസിലാക്കുവാൻ മറിയം നമ്മെ സഹായിക്കുന്നു. അവിടുത്തെ അമ്മയാകുവാൻ നിത്യതയിലേ തെരഞ്ഞെടുക്കപ്പെട്ട അവൾ അവിടുത്തെ ശിഷ്യയാകുവാൻ അഭ്യസിച്ചു. ദൈവവചനം ശ്രദ്ധയോടെ കേൾക്കുന്നതായിരുന്നു അവളുടെ ആദ്യത്തെ പ്രവർത്തി. മാലാഖയിലൂടെ ലഭിച്ച സന്ദേശം അവൾ അനുസരിച്ചു. അങ്ങനെ ദൈവമാതൃത്വത്തിന്റെ രഹസ്യം സ്വീകരിക്കുവാൻ അവളുടെ ഹൃദയം തുറന്നു. അവൾ ഈശോയെ അനുഗമിച്ചു. അവിടുത്തെ അധരങ്ങളിൽനിന്നും പുറപ്പെട്ട ഓരോ വചനവും (മാർക്കോ. 3.31-35) ശ്രദ്ധയോടെ ശ്രവിച്ചു. അതെല്ലാം അവൾ ഹൃദയത്തിൽ സംഗ്രഹിച്ചു (ലൂക്ക.2:19). നമ്മുടെ വിശ്വാസത്തെ ഉണർത്തുവാൻ ദൈവപുത്രൻ പ്രവർത്തിച്ച അടയാളങ്ങളുടെ ജീവിക്കുന്ന സ്മരണയായി. എന്നാൽ കേട്ടതുകൊണ്ടു മാത്രമായില്ല. നിശ്ചയമായും അതു തന്നെയാണ് ആദ്യപടി. കേൾവി യഥാർത്ഥ പ്രവർത്തിയായി രൂപാന്തരപ്പെടണം. ശിഷ്യൻ തന്റെ ജീവിതത്തെ സുവിശേഷത്തിന്റെ ശുശ്രൂഷകൾക്കായി സമർപ്പിക്കണം.

അതുകൊണ്ടാണ് കന്യകാമറിയം ഗർഭിണിയായിരുന്ന എലിസബത്തിനെ സഹായിക്കുവാൻ തിടുക്കത്തിൽ പുറപ്പെട്ടത് (ലൂക്ക 21.39-56). ബത്ലഹേമിൽ ദൈവപുത്രനെ പ്രസവിച്ചത് (ലൂക്ക 2.1-7). കാനായിൽ അവൾ രണ്ടു യുവ ദമ്പതികളോടുള്ള ആർദ്രത പ്രകടമാക്കുന്നത് (യോഹ.2.1-11).

ഗാഗുൽത്തായിൽ അവൾ വേദനയിൽ

നിന്നും ഒളിച്ചോടുന്നില്ല. പിന്നെയോ കുരിശിന്റെ ചുവട്ടിൽ ഉറച്ചു നിന്നു, അവിടുത്തെ ഹിതം പോലെ സഭയുടെ അമ്മയായി (യോഹ. 19.25-27). ഉത്ഥാനത്തിനു ശേഷം, മട്ടുപ്പാവിൽ സമ്മേളിച്ച അപ്പസ്തോലന്മാരെ, അവരെ സുവിശേഷത്തിന്റെ ഭയരഹിതരായ വക്താക്കളാക്കുന്ന, പരിശുദ്ധാത്മാവിനായി കാത്തിരിക്കുവാൻ പ്രോത്സാഹിപ്പിച്ചു (അപ്പ.പ്ര.1.14).

ക്രിസ്തുവിനെക്കുറിച്ചുള്ള മരിക്കാത്ത ഓർമ്മയിൽ സഭ ചെയ്യുവാൻ നിയോഗിക്കപ്പെട്ടതെല്ലാം തന്റെ ജീവിതകാലത്ത് മറിയം ചെയ്തു. അവളുടെ വിശ്വാസത്തിലൂടെ, ദൈവത്തോടുള്ള അനുസരണത്തിനായി നമ്മുടെ ഹൃദയങ്ങൾ തുറക്കുവാൻ നാം പഠിക്കുന്നു. അവളുടെ സ്വയം പരിത്യാഗത്തിൽനിന്നും മറ്റുള്ളവരുടെ ആവശ്യങ്ങളെ വലുതായി കാണുന്നത് എങ്ങനെ എന്ന് നാം പഠിക്കുന്നു. അവളുടെ കണ്ണീരിൽ വേദനിപ്പിക്കുന്നവരെ ആശ്വസിപ്പിക്കുന്നതിനുള്ള കരുത്ത് നാം കണ്ടെത്തുന്നു. ഓരോരുത്തരുടെയും അനുദിന ആവശ്യങ്ങളിലേക്ക് എത്തിച്ചേരുന്ന ദൈവകരുണയുടെ സമ്പത്താണ് മറിയം പ്രകടമാക്കുന്നത്.

ചുരുക്കത്തിൽ സുവിശേഷരഹസ്യങ്ങൾ ധ്യാനിക്കാനും അവ ജീവിതത്തിൽ പകർത്താനും നമ്മെ ശക്തരാക്കുന്ന പ്രാർത്ഥനയാണ് ജപമാല എന്ന് ഫ്രാൻസിസ് മാർപ്പാപ്പാ ചൂണ്ടിക്കാണിക്കുന്നു. ജപമാല ചൊല്ലിച്ചൊല്ലി നമുക്ക് ഈ നേട്ടം കൈവരിക്കാം.

ഏകാഗ്രത ഇല്ലാതെയാണെങ്കിലും ജപമാല ചൊല്ലുക. നമ്മുടെ വിശ്വാസം മനസിലാക്കുന്ന ദൈവം നമുക്ക് ഫലം തരാതിരിക്കില്ല. ഓരോ ജപമാലക്കും ഓരോ നിയോഗം ഉണ്ടാകുന്നതും നല്ലതാണ്. ജപമാലയിലൂടെ കൈവരിക്കപ്പെടുന്ന അനുഗ്രഹം ലോകത്തോട് പറയുന്നതിനുള്ള അടയാളങ്ങളായി അവ പരിണമിക്കും. 1571 ഒക്ടോബർ ഏഴിലെ ലൊപ്പന്തോ യുദ്ധം മുതൽ ജപമാലയിലൂടെ വിശ്വാസികൾ നേടിയ വിജയങ്ങൾ അമ്പരപ്പിക്കുന്നവയാണ്. 1917ൽ റഷ്യ പിടിച്ചടക്കിയ കമ്മ്യൂണിസ്റ്റ് നിരീശ്വരത്വത്തെ ഇല്ലാതാക്കിയത് ജപമാല പ്രാർത്ഥനയാണ്. എത്രയോ പാപികളെയാണ് ജപമാല ചൊല്ലി അവരുടെ അമ്മമാരും പ്രിയപ്പെട്ടവരും മാനസാന്തരപ്പെടുത്തിയത്. എത്രയോ രോഗികൾക്കു സൗഖ്യംനേടി. ജയിലിലാക്കപ്പെട്ട നിരപരാധികൾ വിമോചിതരായി. നമുക്ക് ജപമാലയെ ഹൃദയത്തോട് ചേർത്തു പിടിക്കാം ജീവിതവിജയം നേടാം.

സർവേശ്വരന്റെ പൂണ്യപൂർണ്ണയായ മാതാവേ, അങ്ങേപ്പക്കൽ ഞങ്ങൾ ഓടിവരുന്നു. ഞങ്ങളുടെ ആവശ്യനേരത്ത് ഞങ്ങളുടെ ആവശ്യങ്ങൾ നിരസിക്കരുതെ. ഭാഗ്യവതിയും ആശീർവദിക്കപ്പെട്ടവളുമായ കന്യകയേ, സകല ആപത്തുകളിൽ നിന്നും ഞങ്ങളെ കാത്തു കൊള്ളണമെ. ആമ്മേൻ

ജാഗ്രത

നിലവിൽ വചനോത്സവം മൂന്നുവർഷത്തിലധികം ബുക്കിംഗ് സ്വീകരിക്കുന്നില്ല എന്ന വിവരം എല്ലാവരും അറിഞ്ഞിരിക്കുക. പോട്ടയിൽ നിന്ന് ചുമതലപ്പെടുത്തപ്പെട്ടവരല്ലാത്ത ചിലർ കൂടുതൽ വർഷങ്ങളിലേക്ക് പണം വാങ്ങി ഒരു വർഷത്തേക്കുമാത്രം ബുക്കു ചെയ്യുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആരും കബളിപ്പിക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കുക. എന്തെങ്കിലും സംശയം തോന്നിയാൽ ഓഫീസുമായി ബന്ധപ്പെടാൻ മടിക്കരുത് - 9447696622

NB: വചനോത്സവത്തിന്റെ അക്കൗണ്ടിലേക്ക് പണമടക്കുന്നതായിരിക്കും സുരക്ഷിതം.



അങ്ങാണ് എന്റെ രക്ഷാശിലയും കോട്ടയും വിമോചകനും,
എന്റെ ദൈവവും എനിക്ക് അഭയം തരുന്ന പാറയും,
എന്റെ പരിചയും രക്ഷാശൃംഗവും അഭയകേന്ദ്രവും (സങ്കീർത്തനങ്ങൾ 18 : 2)



വചനം മാംസമായി

ഫാ ഡോ. ദേവ് അക്കര കപ്പൂച്ചിൻ

വചനം ദൈവത്തെ കണ്ടുമുട്ടുന്ന ഇടം

ദൈവവചനം എന്നത് കേവലം കടലാസിലെ കോറിയിട്ട അക്ഷരങ്ങളുടെ സമാഹാരമോ, പുരാതന ചരിത്രത്തിന്റെ ജീവനില്ലാത്ത രേഖയോ അല്ല. അത് ദൈവവുമായുള്ള ഓരോ വ്യക്തിയുടെയും ജീവസ്സുറ്റതും സജീവവുമായ ഒരു സമാഗമമാണ്. ഹെബ്രായർക്ക് എഴുതിയ ലേഖനത്തിന്റെ കർത്താവ് കുറിക്കുന്നതു പോലെ, 'ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്; ഇരുതലവാളിനേക്കാൾ മൂർച്ചയുള്ളതുമാണ്' (ഹെബ്രായർ 4:12). തലമുറകളിലൂടെ, മാനവഹൃദയം സ്രഷ്ടാവിന്റെ സ്വരത്തെ കണ്ടുമുട്ടുന്ന പ്രധാന സങ്കേതമായി വിശുദ്ധ ഗ്രന്ഥം നിലകൊള്ളുന്നു; അത് ആഴമേറിയ ദൈവാനുഭവവും വ്യക്തവും തീക്ഷ്ണവുമായ രൂപാന്തരവും പ്രദാനം ചെയ്യുന്നു.

ക്രിസ്തുവാകുന്ന വചനം

സുവിശേഷങ്ങളിൽ കാണുന്ന ചരിത്ര വ്യക്തിയായ യേശുക്രിസ്തു ആകുന്ന വചനം

ആളുകളെ കണ്ടുമുട്ടുന്നത് സങ്കീർണ്ണമായ ദൈവശാസ്ത്ര ചർച്ചകളിലൂടെയല്ല, മറിച്ച് ലളിതവും വ്യക്തവുമായ വാക്കുകളിലൂടെയാണെന്ന് നാം കാണുന്നു. അത് മനുഷ്യരുടെ ജീവിതത്തെ എങ്ങനെ രൂപാന്തരപ്പെടുത്തിയെന്നും സുവിശേഷം വ്യക്തമായി വിവരിക്കുന്നുണ്ട് കഫർണാമിലെ ചുങ്കസ്ഥലത്തിന് സമീപത്തുകൂടി യേശു കടന്നുപോയപ്പോൾ, അവൻ ചുങ്കക്കാരനായ മത്തായിയെ നോക്കി വെറും രണ്ടു വാക്കുകൾ മാത്രം പറഞ്ഞു: 'എന്നെ അനുഗമിക്കുക' (മത്തായി 9:9). ചുങ്കക്കാർ അക്കാലത്ത് അധർമ്മികളെന്നും ജനങ്ങളാൽ വെറുക്കപ്പെട്ടവരുമായി കണക്കാക്കപ്പെട്ടിരുന്നു. എന്നിരുന്നാലും, ക്രിസ്തുവിന്റെ വചനം ഈ ചുങ്കക്കാരന്റെ എല്ലാ ധാരണകളെയും അതിലംഘിച്ചു. ആ ചുരുങ്ങിയ കണ്ടുമുട്ടൽ, തന്റെ ചുങ്കസ്ഥലവും സമ്പത്തും പഴയ വ്യക്തിത്വവും ഉടനടി ഉപേക്ഷിച്ച് ഒരു അപ്പസ്തോലനായുള്ള പുതിയ ജീവിതത്തിലേക്ക് ഇറങ്ങിത്തിരിക്കാൻ അവനെ പ്രേരിപ്പിച്ചു.

ഉത്ഥാനത്തിന് ശേഷം, നിരാശരായ രണ്ട് ശിഷ്യന്മാർ ദുഃഖത്താലും ഉത്തരം കിട്ടാത്ത ചോദ്യങ്ങളാലും ഭാരപ്പെട്ട് എമ്മാവൂസിലേക്ക് നടക്കുകയായിരുന്നു. യേശു അപരിചിതനായി അവരോടൊപ്പം ചേരുകയും 'മോശയും എല്ലാ പ്രവാചകന്മാരും തന്നെക്കുറിച്ച് പറഞ്ഞിട്ടുള്ള തിരുവെഴുത്തുകളിലെ കാര്യങ്ങൾ അവർക്ക് വിശദീകരിച്ചുകൊടുക്കുകയും ചെയ്തു' (ലൂക്കാ 24:27). അവൻ അവർക്കായി വചനം തുറന്നു നൽകിയപ്പോൾ അവരുടെ ദുഃഖം അലിഞ്ഞുപോയി. പിന്നീട് അവർ ഓർത്തു: 'വഴിയിൽ വെച്ച് അവൻ നമ്മോട് സംസാരിക്കുകയും വിശുദ്ധ ഗ്രന്ഥം വിശദീകരിക്കുകയും ചെയ്തപ്പോൾ നമ്മുടെ ഹൃദയം ജ്വലിക്കുകയായിരുന്നില്ലേ?' (ലൂക്കാ 24:32). ഇവിടെ, വചനം അവരുടെ സംശയങ്ങളെ അകറ്റി, നിരാശയെ ഉത്ഥാനത്തിന്റെ സന്തോഷമാക്കി മാറ്റി.

ഇന്നലെയും ഇന്നും എന്നും സ്പർശിക്കുന്ന വചനം

ആദ്യം മുതലുള്ള സഭയുടെ ചരിത്രം പരിശോധിക്കുമ്പോൾ ദൈവവചനം എങ്ങനെ മനുഷ്യഹൃദയങ്ങളെ സ്പർശിച്ചുകൊണ്ടിരിക്കുന്നുവെന്നും ഒരു നവ ചൈതന്യം വ്യക്തികൾക്കും സഭയ്ക്കും നൽകിക്കൊണ്ടിരിക്കുന്നത് എന്നും മനസ്സിലാക്കാൻ സാധിക്കും. ഇതിനുള്ള ശക്തമായ ഒരു ഉദാഹരണമാണ് സഭയിൽ സന്യാസ സമൂഹങ്ങളുടെ സ്ഥാപകൻ എന്നറിയപ്പെടുന്ന മരുഭൂമിയിലെ വിശുദ്ധ അന്തോണീസിന്റെ ജീവിതം

മൂന്നാം നൂറ്റാണ്ടിൽ (ഏകദേശം 251-356), അന്തോനീസ് എന്ന ഈജിപ്ഷ്യൻ യുവപ്രഭു, അപ്പസ്തോലന്മാർ ക്രിസ്തുവിനെ അനുഗമിക്കാൻവേണ്ടി സ്വന്തമായുള്ളതെല്ലാം എങ്ങനെ ഉപേക്ഷിച്ചു എന്ന് പര്യാലോചിച്ചു കൊണ്ടിരിക്കുമ്പോൾ ബലിയർപ്പണത്തിനിടയിൽ വൈദികൻ വായിച്ച സുവിശേഷഭാഗം ഹൃദയത്തിൽ ആഴമായി സ്പർശിച്ചു. മത്തായി 19:21 ആയിരുന്നു അത്:

'നിനക്ക് പൂർണ്ണനാകാൻ ആഗ്രഹമുണ്ടെങ്കിൽ, പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക; അപ്പോൾ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക.'

ദൈവം ആ വാക്കുകൾ തന്റെ ഹൃദയത്തോട് നേരിട്ട് സംസാരിച്ചതായി അന്തോനീസിന് തോന്നി. ആ വചനം അക്ഷരാർത്ഥത്തിൽ സ്വീകരിച്ചുകൊണ്ട്, അവൻ തന്റെ കുടുംബസ്വത്ത് വിൽക്കുകയും സഹോദരിക്ക് വേണ്ട കാര്യങ്ങൾ ക്രമീകരിക്കുകയും ബാക്കി ദരിദ്രർക്ക് വീതിച്ചുനൽകുകയും ചെയ്ത ശേഷം മരുഭൂമിയിലേക്ക് പിൻവാങ്ങി. പ്രഘോഷിക്കപ്പെട്ട ആ വചനവുമായുള്ള ഒറ്റ കണ്ടുമുട്ടൽ ക്രിസ്തീയ സന്യാസ ജീവിതത്തിന് ജന്മം നൽകി.

വിശുദ്ധ അഗസ്റ്റിന്റെ ജീവിതം ദൈവവചനത്തിന്റെ പ്രകടമായ ശക്തി വെളിപ്പെടുത്തുന്ന മറ്റൊരു മാനസാന്തര കഥയാണ്. എ.ഡി 386-ൽ, മിലാനിലെ ഒരു ഉദ്യാനത്തിൽ അഗസ്റ്റിൻ തന്നെ അലട്ടിയിരുന്ന ശീലങ്ങളാലും തത്ത്വചിന്താപരമായ സംശയങ്ങളാലും ധാർമ്മിക പോരാട്ടങ്ങളാലും വലഞ്ഞ് കരയുമ്പോൾ, ഒരു കുട്ടി പാടുന്നത് അവൻ കേട്ടു: "Tolle, lege" ('എടുത്തു വായിക്കുക'). അതൊരു ദൈവിക കൽപ്പനയായി സ്വീകരിച്ച്, വിശുദ്ധ ഗ്രന്ഥം തുറന്നപ്പോൾ ലഭിച്ച വചനം വിശുദ്ധ പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം 13-ാം അധ്യായം 13 മുതൽ ഉള്ള തിരുവചനങ്ങൾ ആയിരുന്നു

'പകലിനു യോജിച്ചവിധം നമുക്കു പെരുമാറാം. സുഖലോലുപതയിലോ മദ്യ

ലഹരിയിലോ അവിഹിതവേഴ്ചകളിലോ വിഷയാസക്തിയിലോ കലഹങ്ങളിലോ അസൂയയിലോ വ്യാപരിക്കരുത്. പ്രത്യുത, കർത്താവായ യേശു ക്രിസ്തുവിനെ ധരിക്കുവിൻ. ദുർമോഹങ്ങളിലേക്കു നയിക്കത്തക്കവിധം ശരീരത്തെപ്പറ്റി ചിന്തിക്കാതിരിക്കുവിൻ.'

ആ വാക്യം വായിച്ചുതീർത്ത നിമിഷം, ഉറപ്പിന്റെ ഒരു വെളിച്ചം തന്റെ ഹൃദയത്തിൽ നിറയുകയും സംശയത്തിന്റെ എല്ലാ അന്ധകാരവും നീങ്ങിപ്പോകുകയും ചെയ്തതായി അഗസ്റ്റിൻ കുറിച്ചു. വർഷങ്ങളുടെ തത്വചിന്താപരവും ദൈവശാസ്ത്രപരവുമായ അന്വേഷണങ്ങൾക്ക് സാധിക്കാത്തത് ദൈവവചനം ഒരു നിമിഷം കൊണ്ട് സാധ്യമാക്കി. അത് അദ്ദേഹത്തിന്റെ ഹൃദയം തുറക്കുകയും ചരിത്രത്തിലെ ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞന്മാരിൽ ഒരാൾക്ക് ജന്മം നൽകുകയും ചെയ്തു.

ദൈവവചനത്തിൽ ദൈവത്തെ കണ്ടുമുട്ടുന്നതിന്റെ ഏറ്റവും ശ്രദ്ധേയമായ മറ്റൊരു ഉദാഹരണം അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ (1181–1226) ജീവിതത്തിൽ നിന്നാണ്.

1208 ഫെബ്രുവരിയിൽ, അസ്സീസിക്ക് സമീപമുള്ള പോർസിങ്കുളയിലെ ദേവാലയത്തിൽ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുമ്പോൾ, യേശു തന്റെ അപ്പസ്തോലന്മാരെ പ്രസംഗിക്കാൻ അയക്കുന്ന മത്തായി 10:7–10 ഭാഗം വൈദികൻ പ്രഘോഷിക്കുന്നത് ഫ്രാൻസിസ് കേട്ടു:

'നിങ്ങൾ പോകുമ്പോൾ 'സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു' എന്ന് പ്രഘോഷിക്കുവിൻ... നിങ്ങളുടെ മടിശീലയിൽ സ്വർണ്ണമോ വെള്ളിയോ ചെമ്പോ കരുതരുത്. യാത്രയ്ക്കായി സഞ്ചിയോ രണ്ടാം കുപ്പായമോ ചെരുപ്പോ വടിയോ കരുതരുത്...'

ആ നിമിഷം വരെ, ഫ്രാൻസിസ് തന്റെ ജീവിതം ദൈവത്തിലേക്ക് തിരിക്കാൻ തുടങ്ങിയിരുന്നു' ദേവാലയങ്ങൾ പുനരുദ്ധരിക്കുകയും കുഷ്ഠരോഗികളെ പരിചരിക്കുകയും ചെയ്തിരുന്നു' എങ്കിലും തന്റെ ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യത്തെക്കുറിച്ച് അദ്ദേഹത്തിന് വ്യക്തതയില്ലായിരുന്നു. ദൈവം തന്നിൽ എന്ത് ആഗ്രഹിക്കുന്നുവെന്ന് അദ്ദേഹത്തിന് വെളിപ്പെട്ട് കിട്ടിയിട്ടില്ലായിരുന്നു

വൈദികൻ ആ ഭാഗം വായിച്ചുതീർത്ത് അതിന്റെ അർത്ഥം വിശദീകരിച്ചപ്പോൾ, ദൈവവചനം ഫ്രാൻസിസിന് അനുഭവപ്പെട്ടത് ഈശോ തന്റെ പന്ത്രണ്ട് അപ്പസ്തോലന്മാർക്കു കൊടുക്കുന്ന ഒരു നിർദ്ദേശമായല്ല, മറിച്ച് ആ നിമിഷത്തിൽ തനിക്ക് നേരിട്ട് നൽകിയ വ്യക്തിപരമായ കൽപ്പനയായാണ്. പെട്ടെന്നുള്ള സന്തോഷത്താൽ നിറഞ്ഞ് ഫ്രാൻസിസ് പ്രഖ്യാപിച്ചു:

'ഇതാണ് ഞാൻ ആഗ്രഹിക്കുന്നത്, ഇതാണ് ഞാൻ തിരയുന്നത്, ഇതാണ് എന്റെ പൂർണ്ണ ഹൃദയത്തോടെ ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നത്!'

ഫ്രാൻസിസ് ഉടനടി തന്റെ ചെരുപ്പുകൾ ഊരിമാറ്റി, വടിയും കുപ്പായവും ഉപേക്ഷിച്ച് ഒരു ലളിതമായ കയറുകൊണ്ട് കെട്ടിയ പരുക്കൻ കമ്പിളി വസ്ത്രം ധരിച്ചു. അന്നു മുതൽ, സുവിശേഷാത്മകമായ ദാരിദ്ര്യത്തിന്റെ പ്രഘോഷണവും വചനപ്രഘോഷണവും ഫ്രാൻസിസ്കൻ സന്യാസ സമൂഹത്തിന്റെ അടിത്തറയും പ്രധാന നിയമവുമായി മാറി.

ഫ്രാൻസിസിന് വിശുദ്ധ ഗ്രന്ഥം വിശകലനം ചെയ്യാനുള്ള ഒരു ഗ്രന്ഥമായിരുന്നില്ല, മറിച്ച് ഒരു ജീവിക്കുന്ന സ്വരമായിരുന്നു. യേശു ക്രിസ്തുവുമായുള്ള നേരിട്ടുള്ള കണ്ടുമുട്ടലിനും മനപരിവർത്തനത്തിനുള്ള ഉപാധിയായിരുന്നു.

ഗലീലിയുടെ പൊടിപിടിച്ച തെരുവീഥികളിൽ ക്രിസ്തു സംസാരിച്ചതാകട്ടെ, അല്ലെങ്കിൽ ഒരു തോട്ടത്തിൽ ഇരുന്ന് നിശബ്ദമായി വായിച്ചതാകട്ടെ, ദൈവവചനത്തിന് മനുഷ്യജീവിതത്തെ സ്വാധീനിക്കാനും മാറ്റിമറിക്കാനുമുള്ള അപാരമായ ശക്തിയുണ്ട്. അത് മനുഷ്യനും ദൈവത്തിനുമിടയിലുള്ള അകലം കുറയ്ക്കുകയും, മനുഷ്യരെ വിശുദ്ധിയിലേക്ക് വിളിക്കുകയും ചെയ്യുന്നു. തുറന്ന ഹൃദയത്തോടെ സമീപിക്കുമ്പോൾ, വിശുദ്ധ ഗ്രന്ഥം ദൈവവുമായുള്ള നേരിട്ടുള്ളതും ജീവിതം മാറ്റിയെഴുതുന്നതുമായ ഒരു കണ്ടുമുട്ടലിനുള്ള ഒരു ക്ഷണമായി നിലകൊള്ളുന്നു.

ദൈവമേ, എന്നിൽനിന്ന് അകന്നിരിക്കരുതേ!
എന്റെ ദൈവമേ, എന്നെ സഹായിക്കാൻ വേഗം വരണമേ! (സങ്കീർത്തനങ്ങൾ 71 : 12)



മുഖംമൂടി അഴിച്ചുമാറ്റാം

സി. റ്റി. ഡേവീസ്



Personality എന്ന വാക്ക് persona എന്ന ലാറ്റിൻ ഭാഷയിൽനിന്ന് ഉടലെടുത്തതാണ്. ഇതിന് മാസ്ക് എന്നർത്ഥമുണ്ട്. ഗ്രീക്ക് നാടകങ്ങളിലും/ റോമൻ നാടകങ്ങളിലും പലതരം കഥാപാത്രങ്ങളെ അവതരിപ്പിക്കാൻ വിവിധതരം മാസ്കുകൾ (മുഖംമൂടികൾ) ഉപയോഗിക്കാറുണ്ട്. ജീവിതത്തിലും ഇത്തരം മുഖംമൂടികൾ അണിയുന്ന നിരവധിപേരുണ്ട്. ലോകനേതാക്കളിൽ പലരും കാപട്യത്തിന്റെ ഇത്തരം മുഖംമൂടികളണിഞ്ഞ് യുദ്ധത്തിന്റെ പേരിൽ ആയിരങ്ങളെ കൊന്നുതള്ളുന്നു.

ബൈബിളിൽ പാപിനിയായ സ്ത്രീയെ കല്ലെറിയാൻ കൊണ്ടുവരുന്ന ഒരു സന്ദർഭമുണ്ട്. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ നിയമജ്ഞരും ഫരിസേയരും കൂടെ അവന്റെ അടുക്കൽ കൊണ്ടുവന്ന് നടുവിൽ നിർത്തി. അവർ അവനോടു പറഞ്ഞു; ഗുരോ, ഈ സ്ത്രീ വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവളാണ്. ഇങ്ങനെയുള്ളവരെ കല്ലെറിയണമെന്നാണ് മോശ നിയമത്തിൽ കല്പിച്ചിരിക്കുന്നത്. നീ എന്ത് പറയുന്നു? (യോഹ. 8:3-5)

ഇത് അവനിൽ കുറ്റമാരോപിക്കുന്നതിനുവേണ്ടി അവനെ പരീക്ഷിച്ചുകൊണ്ട് ചോദിച്ചതാണ്. യേശുവാകട്ടെ, കുനിഞ്ഞ് വിരൽകൊണ്ട് നിലത്ത് എഴുതിക്കൊണ്ടിരുന്നു. അവർ ആവർത്തിച്ച് ചോദിച്ചുകൊണ്ടിരുന്നതിനാൽ അവൻ നിവർന്ന് അവരോടു പറഞ്ഞു: നിങ്ങളിൽ പാപം ചെയ്യാത്തവൻ ആദ്യം കല്ലെറിയട്ടെ (യോഹ 8:7).

അവൻ വീണ്ടും കുനിഞ്ഞ് നിലത്തെഴുതിക്കൊണ്ടിരുന്നു. എന്നാൽ ഇതുകേട്ടപ്പോൾ മുതിർന്നവർ തുടങ്ങി ഓരോരുത്തരായി

സ്ഥലംവിട്ടു. ഒടുവിൽ യേശുവും നടുവിൽ നിന്നിരുന്ന ആ സ്ത്രീയും ശേഷിച്ചു. യേശു നിവർന്ന് അവളോടു ചോദിച്ചു.

സ്ത്രീയേ അവരെവിടെ? ആരും നിന്നെ വിധിച്ചില്ലേ? (യോഹ 8:10) അവൾ പറഞ്ഞു: ഇല്ല കർത്താവേ. യേശു പറഞ്ഞു: ഞാനും നിന്നെ വിധിക്കുന്നില്ല. പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത് (യോഹ 8:11).

നിയമജ്ഞരുടെയും, ചുങ്കക്കാരുടെയും യഹൂദപ്രമാണിമാരുടേയും മറ്റും കപടമുഖങ്ങളാണിവിടെ അഴിഞ്ഞുവീണത്. ജീവിതത്തിൽ പലരും ഇത്തരം കപടമുഖങ്ങളുമായാണ് സമൂഹത്തിൽ ജീവിക്കുന്നത്. സ്വയം തെറ്റുകാരായിട്ടും മറ്റുള്ളവരെ വിധിക്കാനും ശിക്ഷിക്കാനും ഇവരെപ്പോഴും മുന്നിട്ടിറങ്ങും, ഒന്നും അറിയാത്തവരെപ്പോലെ രണ്ടായിരം വർഷങ്ങൾക്കുശേഷവും ഇതിനൊരു മാറ്റവും വന്നിട്ടില്ല. പൊയ്മുഖങ്ങളണിയാൻ ഇന്നും വളരെപ്പേർ താല്പര്യം കാട്ടുന്നു. പാപിനിയായ സ്ത്രീ ആ ജനക്കൂട്ടത്തിനു മദ്ധ്യത്തിലാണ്. ചുറ്റും പൊയ്മുഖങ്ങളുടെ നടുവിൽ. എന്നാൽ രക്ഷകന്റെ മുന്നിൽ അവരെല്ലാം പതറി, ചിതറിപ്പോയി. ദൈവം അവളോട് ക്ഷമിക്കുകയും അവളെ രക്ഷപ്പെടുത്തുകയും ചെയ്തു. വഴിപിഴച്ചുവെന്ന് പറഞ്ഞുകൊണ്ട് വലിച്ചിഴയ്ക്കപ്പെട്ട പെണ്ണിന്റെ കരം പിടിച്ചുയർത്തി, അവളെ ജീവനിലേക്കും വിശുദ്ധിയിലേക്കും കൂട്ടി, ഉത്ഥാനദൂതറിയിക്കാൻ നിയോഗിച്ച മാലാഖമാരുടെ ചിറകിലേറ്റിയവനാണ് നമ്മുടെ ദൈവം. ദൈവസ്നേഹത്തിന്റെ ഒത്ത നടുക്ക് ജീവിക്കുന്നവരാണ് നമ്മൾ. ദൈവത്തിന്റെ അനന്തമായ സ്നേഹത്താൽ വലയം ചെയ്യപ്പെട്ടതാണ് നമ്മുടെ ജീവിതം.

ഹൃദയപൂർവ്വം ദൈവത്തിലേക്ക് തിരിയുന്ന ആർക്കും അവിടുത്തെ സ്നേഹസ്പർശമുണ്ടാകും. അതിരുകളില്ലാതെ നമ്മെ സ്നേഹിച്ചുകൊണ്ടിരിക്കുന്നവനാണ് നമ്മുടെ ദൈവം. അങ്ങനെയുള്ള ദൈവത്തിലേക്ക് നാം തിരിയുമ്പോൾ അവിടുത്തെ സ്നേഹം നമ്മുടെ മനസ്സിനെയും ഹൃദയത്തെയും സ്പർശിക്കും.

ഈശോ എന്ന വാക്കിന്റെ അർത്ഥം തന്നെ രക്ഷകനെന്നാണ്. എല്ലാവരുടെയും രക്ഷ മിശിഹായിലൂടെയാണ്. തെറ്റുകുറ്റങ്ങളുടെ ഒരുപാട് കൊച്ചു ഭാണ്ഡങ്ങൾ ചുമക്കുന്നവരാണ് നമ്മൾ. പക്ഷെ, അതിലും വലിയ യാഥാർത്ഥ്യമാണ് എന്റെ ദൈവം എന്നെ ജീവശ്വാസം പോലെ സ്നേഹിക്കുകയും നയിക്കുകയും ഹൃദയത്തോട് അടുപ്പിക്കുകയും ചെയ്യുന്നുവെന്നത്.

ജീവിതത്തിലെ മുഖംമൂടി മാറ്റി പാപികളെയും, അശരണരെയും, ദുഃഖിതരെയും ആശ്വസിപ്പിച്ച പ്രകാശത്തിന്റെ നാഥൻ, പ്രപഞ്ചനാഥൻ നമ്മെ അനുഗ്രഹിക്കട്ടെ.

നിന്റെ ഭാരം കർത്താവിനെ ഏല്പിക്കുക. അവിടുന്ന് നിന്നെ താങ്ങിക്കൊള്ളും. നീതിമാൻ കുലുങ്ങാൻ അവിടുന്ന് സമ്മതിക്കുകയില്ല (സങ്കീ. 55:22).

പ്രാർത്ഥന ഫലിച്ചു



എന്റെ വിവാഹം കഴിഞ്ഞിട്ട് ഏഴ് വർഷമായിട്ടും കുഞ്ഞുങ്ങളുണ്ടായില്ല. വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താം എന്നു പറഞ്ഞു പ്രാർത്ഥിച്ചു. താമസിയാതെ തന്നെ ദൈവം കുഞ്ഞിനെ നല്കി അനുഗ്രഹിച്ചു. സാക്ഷ്യപ്പെടുത്താൻ വൈകിയതിൽ ക്ഷമ ചോദിക്കുന്നു. യേശുവേ നന്ദി, യേശുവേ, സ്തുതി.

ജെസ്സി ജോൺ, കോഴിക്കോട്



എനിക്ക് കുറച്ചുനാളായി വെരിക്കോസിന്റെ അസുഖം മൂലം വളരെ വിഷമത്തിലായിരുന്നു. ഒരു കാലിൽ വെരിക്കോസ് പൊട്ടി ഏറെ ബ്ലഡ് പോയി, ആശുപത്രിയിൽ പോയി ചികിത്സിച്ചു. കുറവായെങ്കിലും വീണ്ടും വളരെ കൂടുതലായി. ഞാൻ വചനോത്സവം വായിച്ചിട്ട് കർത്താവിനോട് കരഞ്ഞ് പ്രാർത്ഥിച്ചു. അത്ഭുതമെന്നു പറയട്ടെ, എന്റെ കാലിലും കയ്യിലും വെരിക്കോസ് വളരെ കുറവുതോന്നി. കൂടാതെ കാൽമുട്ടുവേദനയും വലതുകൈതോളിന്റെ താഴെ ആയിട്ട് നല്ല വേദനയും ഉണ്ടായിരുന്നു. അതും ഇപ്പോൾ വളരെ കുറവുതോന്നി. ദൈവം എന്നെ അനുഗ്രഹിച്ചു. ദൈവമഹത്ത്വത്തിനായി ഈ അനുഗ്രഹം വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്തുന്നു. യേശുവേ, നന്ദി, യേശുവേ, സ്തോത്രം

നളിനി, കൊല്ലം



ചെവിയുള്ളവർക്കായി

കുഞ്ഞുമോൾ ബെന്നി

പരിമിതികളെ തോളിലെടുക്കുന്ന തമ്പുരാൻ

യാത്രയ്ക്കായൊരുങ്ങി,മലനിരകളിലേക്ക് ആയിരുന്നു യാത്ര. ഒരു ട്രക്കിംഗ്...ചെങ്കുത്തായ കുന്നും മലയും ചുരവും താണ്ടിയുള്ള യാത്ര. ഞങ്ങൾ ചെന്നിറങ്ങിയപ്പോൾ പ്രകൃതി അവളുടെ തണുത്ത കരങ്ങൾ നീട്ടി ഞങ്ങളെ കെട്ടിപ്പിടിച്ചു. ആ കുളിരും പുതച്ച് ഞങ്ങൾ മെല്ലേ നടന്നു തുടങ്ങി. 'വന്യമൃഗങ്ങൾ വരുന്ന വഴിത്താരയാണ് അധികം ശബ്ദം ഉണ്ടാക്കാതെ കാട് ആസ്വദിച്ചു നടക്കണം' എന്നൊക്കെ ഗൈഡ് ഞങ്ങളെ ഓർമ്മപ്പെടുത്തി. കാടും, കാട്ടാറും, സിംഹവാലൻകുരങ്ങും, വിവിധതരം പക്ഷികളും, .ഇടയ്ക്ക് മിന്നൽ പോലെ കുതിച്ചു പായുന്ന കാട്ടുപോത്തിൻ കൂട്ടങ്ങളെയും ഒക്കെ കണ്ടു കണ്ടു പ്രകൃതിയുടെ മടിത്തട്ടിൽ അൽപനേരം ഇരുന്നും, കിടന്നും, മയങ്ങിയും, ചോലയിൽ കൈകാൽ നനച്ചും, ഉള്ളു തണുത്ത് സന്ധ്യയോടെ ഞങ്ങൾ ചുരമിറങ്ങി. നോക്കുമ്പോളുണ്ട് കൂട്ടത്തിൽ ഉണ്ടായിരുന്ന നിസാമിനെ കാണാനില്ല.

എല്ലാവരും ഇറങ്ങി വന്ന കുന്നിലേക്ക്

നോക്കി ഉറക്കെ വിളിച്ചു. ' നിസാം ' ഒരു മറുപടിയുമില്ല.. ഞെട്ടലോടെ ഞങ്ങൾ പരസ്പരം നോക്കി. നിസാമിനെ കാണാനില്ല.

കൂട്ടുകാരുടെ പരിമിതികളൊക്കെ വിളിച്ചുപറഞ്ഞു കളിയാക്കുന്ന ഒരു വിരുതത്തി ഞങ്ങളുടെ ക്ലാസ്സിൽ ഉണ്ടായിരുന്നു. ഒരു രാജി. അവൾ വിളിച്ചു പറഞ്ഞു. 'സാറേ സന്ധ്യയായാൽ അവന് കാഴ്ചയില്ല സാറേ... ഞാനവനെ അന്തിക്കുരുടൻ നിസാപ്പി എന്നാണ് വിളിക്കാറ്' പറഞ്ഞതും രാജി പൊട്ടിക്കരഞ്ഞു. പിന്നെ ഞങ്ങൾ കാണുന്ന കാഴ്ച ഒരു ചാട്ടുളി പോലെ മാത്യു സാർ മുകളിലേക്ക് കുതിക്കുന്നതാണ്. ഞൊടിയിടയിൽ അദ്ദേഹം ഞങ്ങളുടെ കാഴ്ചയിൽ നിന്നും മറഞ്ഞു. ഞങ്ങൾ ശേഷിച്ചവർ, അടിവാരത്തിൽ ശില പോലെ നിന്നു, അല്ലാതെന്തു ചെയ്യാൻ... .?

കുറെ നേരം കഴിഞ്ഞ് കൈയിൽ നിസാമിനെയും താങ്ങി മാത്യുസാർ മലയിറങ്ങി വരുന്നത് കണ്ടു. ഞങ്ങൾ ഓടി അടുത്തെത്തി. നിസാമിന്റെ തല പൊട്ടി കുറേശ്ശെ ചോര പൊടിയുന്നുണ്ടായിരുന്നു.

രാജി പറഞ്ഞത് ശരിയാണ്, മലയിറങ്ങി വരുമ്പോൾ കുറച്ചു വർണ്ണക്കിളികളെ കണ്ട് അവയുടെ ചിത്രമെടുക്കാൻ ക്യാമറയുമായി നിന്നതാണ് നിസാം. പെട്ടെന്നാണ് ഇരുൾ പരന്നത്. സന്ധ്യയായാൽ കാഴ്ചയ്ക്ക് വൈകല്യമുള്ളതിനാൽ മുന്നോട്ടു നീങ്ങിയ നിസാം ഒരു വേരിൽ തട്ടി കുന്നിന്റെ ചെരിവിലേക്ക് ഉരുണ്ടു വീണുപോയി. എവിടെയോ തലയിടിച്ചു. അപ്പോഴേയ്ക്കും കൂട്ടുകാരെല്ലാം മുന്നോട്ടു പോയിരുന്നു. കണ്ണിൽ ഇരുട്ടു കയറിയതിനാൽ മുന്നോട്ട് പോകാനാവാതെ ആ മലയിൽ ഒറ്റയ്ക്കായി പോയ അവൻ അവിടെ അങ്ങനെ തപ്പിതടഞ്ഞു നിൽക്കുമ്പോഴാണ് മാത്യു സാർ ഓടിച്ചെന്ന് താങ്ങിയത്.

ഞങ്ങൾ കാടിനോട് വിടപറഞ്ഞ് തിരികെയാത്ര തുടങ്ങി. ഇങ്ങോട്ട് പോന്നത് പോലെ കാതടപ്പിക്കുന്ന പാട്ടൊന്നും ഇടാതെ, ഒരാരവവുമില്ലാതെ എല്ലാവരും അവരവരുടെ സീറ്റിൽ ഇരുന്നു .. വണ്ടിക്കുള്ളിൽ മൗനം പീലിവിടർത്തി നിന്നു. ബസ് പതുക്കെ ചുരം ഇറങ്ങുകയാണ്.. നിസാമിനെ ഉള്ളിലിരുത്തി തൊട്ടടുത്ത് മാത്യുസാർ ഇരുന്നു. അവന്റെ വലതു കൈ തന്റെ ഇരുകരവും കൊണ്ട് സാറ് മുറുക്കി പിടിച്ചിരുന്നു. ഇനിയും അവനെ കാണാതെ പോകുമോ എന്ന് അദ്ദേഹം ഭയപ്പെടുന്നത് പോലെ തോന്നി.

തൊണ്ണൂറ്റിയൊമ്പത് ആടുകളെ തനിയെ വിട്ടിട്ട് കാണാതെപോയ ഒന്നിനെ തേടിപ്പായുന്ന ഇടയന്റെ ചിത്രം. മുള്ളുകളിൽ കൊമ്പുടക്കി മുറിവേറ്റു കിടക്കുന്ന ആടിനെ മെല്ലെ തോളിലെടുത്ത് ആലയിലേക്ക് ഇറങ്ങിവരുന്ന ഇടയനെ മത്തായി സുവിശേഷകൻ തന്റെ പതിനെട്ടാം അധ്യായത്തിൽ മനോഹരമായി വരച്ചിട്ടിരിക്കുന്നു(മത്താ 18:12-14).

കൂട്ടത്തിൽ ഒന്നിനെ കാണാതെ പോയത് ആദ്യം അറിഞ്ഞത് ഇടയൻ തന്നെയാണ്. നഷ്ടപ്പെട്ടത് ഏതാണെന്നറിയാൻ അവൻ കൂട്ടത്തിൽ പരതി നോക്കി. അവന് മനസ്സിലായി രാവിലെ ആലയിൽ നിന്ന് പേര് ചൊല്ലിയാണ് അവൻ ഓരോന്നിനെയും പുറത്തേക്ക് ഇറക്കുന്നത്. മെല്ലെ പുൽമേട്ടിലേയ്ക്ക് നടത്തും. വയറു നിറയുമ്പോൾ അടുത്ത അരുവിക്കരികിലേക്ക്. ശാന്തമായ അരുവിയുടെ കരയിൽ നിന്ന് തണുത്ത വെള്ളം നുകർന്ന് അവ ദാഹമകറ്റുന്നത് ഇടയൻ സന്തോഷത്തോടെ നോക്കിയിരിക്കും. എന്നാൽ ഇന്ന് ആലയുടെ വാതിൽ തുറന്ന ഉടനെ ഒരു വിരുതൻ ചാടി പുറത്തേക്ക് ഓടി... ഇടയൻ അവനെ ചാടിപ്പിടിച്ച് മാറോട് ചേർത്ത് നിർത്തിയാണ് ബാക്കിയുള്ള തൊണ്ണൂറ്റിയൊമ്പതിനേയും പുറത്തേക്ക് ഇറക്കിയത്. മേയുമ്പോഴും അവന്റെ കണ്ണുകൾ അങ്ങ് അകലെയുള്ള പച്ചപ്പിലായിരുന്നു. പലതവണ ഇടയൻ തന്റെ കയ്യിലുള്ള വടിയാൽ അവനെ നേർവഴിക്ക് തിരിച്ചെങ്കിലും, ഇടയ്ക്കെപ്പോഴോ ഇടയന്റെ കണ്ണ് വെട്ടിച്ച് അവൻ ദൂരേക്ക് ഓടിപ്പോവുക തന്നെ ചെയ്തു.

പുറത്തെ കാഴ്ചകൾ അവനെ തെല്ലൊന്നുമല്ല ആനന്ദിപ്പിച്ചത്. നിയന്ത്രണമില്ലാതെ മുന്നോട്ടു ചാടിക്കുതിച്ചു പായുന്നതിന്റെ സുഖത്തിൽ കുറേ ദൂരം ഓടി. കണ്ടതെല്ലാം കടിച്ചും പറിച്ചും തിന്നു. അങ്ങനെ മദിച്ചുരസിച്ചു നടക്കുന്നതിനിടയിലാണ് ആ ചോരക്കണ്ണുകൾ അവൻ കണ്ടത്.

വാ പിളർന്ന് നാവ് നീട്ടി തന്റെ നേരെ പാഞ്ഞടുക്കുന്നഒരുചെന്നായ.അതിന്റെ വായിൽ നിന്ന് അത് തൊട്ടുമുമ്പ് ഭക്ഷിച്ച ഏതോ ജീവിയുടെ രക്തം ഇറ്റിറ്റുവീഴുന്നത് കണ്ട് പരിഭ്രമിച്ച് തിരികെ ഓടുന്നതിനിടയിലാണ് ഈ മുള്ളുകൾക്കിടയിൽ കൊമ്പ് ഉടക്കി വീണുപോയത്... അവിടെ കിടന്നുകൊണ്ട് അവൻ

ആദ്യമായി തന്റെ ആലയുടെ ബലവും ഉറപ്പും ഓർത്തു. തന്റെ സഹോദരൻമാരുമായുള്ള കൂട്ടായ്മ ആഗ്രഹിച്ചു. സദാ കൈയിൽ ഒരു വടിയുമായി തങ്ങൾക്ക് കാവൽ നിന്നിരുന്ന ഇടയനെ അവൻ കൊതിയോടെ സ്വപ്നം കണ്ടു.

തൊണ്ണൂറ്റിയൊൻപത് വിശുദ്ധാത്മാക്കളെ ഉപേക്ഷിച്ച് ഓടിപ്പോന്ന നിമിഷത്തെ അവൻ ശപിച്ചു. പക്ഷേ എന്ത് ചെയ്യാം...? ഇപ്പോൾ മുള്ളിൽ കൊമ്പുടക്കി കിടക്കുന്ന തന്റെ നേരെ പാഞ്ഞു വരുന്ന ചെന്നായയിൽ നിന്ന് തന്നെ ആര് രക്ഷിക്കും...?

എങ്കിലും സർവ്വശക്തിയുമെടുത്ത് ആ കുഞ്ഞാട് തന്റെ ഇടയനെ വിളിച്ചു കരഞ്ഞു...

കൈവിളക്കുമായി തന്റെ കുഞ്ഞാടിനെ തേടി നടന്ന ഇടയന്റെ കാതിൽ ആ കരച്ചിൽ വന്നലച്ചു. കരച്ചിൽ കേട്ട ദിക്കിലേയ്ക്കയാൾ ഓടി വന്ന് തന്റെ കയ്യിലുള്ള വടിയാൽ ചെന്നായയെ ആട്ടിയകറ്റി കുഞ്ഞാടിനെ തോളിലേറ്റി തിരികെ ആലയിലേക്ക് നടന്നു.

ലോകത്തിന്റെ മായകാഴ്ചകളാൽ വശീകരിക്കപ്പെട്ട് അപ്പന്റെയും അമ്മയുടെയും കരുതലും സഹോദരങ്ങളുടെ സ്നേഹകൂട്ടായ്മയുടെ ബലവും വലിച്ചെറിഞ്ഞ് ദൂരേക്ക് മറയാൻ വെമ്പൽ കൊള്ളുന്ന പ്രിയ യുവജനങ്ങളെ.... നിങ്ങൾ വിശുദ്ധ മത്തായിയുടെ സുവിശേഷം പതിനെട്ടാമദ്ധ്യായം ഒന്നെടുത്തു വായിക്കുക.. അവിടെ എളിമപ്പെട്ട്, അനുസരണപ്പെട്ട്,ജീവിക്കുന്നതിന്റെ സുഖം നിനക്ക് അനുഭവിക്കാൻ ആവും ... ആ സുവിശേഷം നിനക്കൊരു പുതുവഴി തുറന്നു തരും അവിടെ സുരക്ഷിതത്വത്തിന്റെ കരുതലിന്റെ ഒരാല പൈതൃക അവകാശമായി നിനക്ക് കിട്ടും... ജീവിത വഴികളിൽ നിനക്ക് പുല്ലും മധുരജലവും കാട്ടിത്തരാൻ, നിന്നെ ശത്രുക്കളിൽ നിന്ന് രക്ഷിക്കാൻ, കയ്യിലൊരു നീതിവടിയുമായി ഒരിടയൻ നിന്റെ മുൻപേ നടക്കും... പ്രതികൂലമുനമ്പിൽ നീ ഒറ്റപ്പെട്ടെന്നു തോന്നുമ്പോൾ തൊണ്ണൂറ്റിയൊമ്പത് വിശുദ്ധാത്മാക്കളുടെ സംഘം പ്രാർത്ഥനയാൽ നിന്നെ പൊതിഞ്ഞ് നിനക്ക് കാവൽ നിൽക്കും...

പ്രിയ കുഞ്ഞേ... നീ സുവിശേഷം കയ്യിലെടുക്കുക. ജീവനുള്ളവനായി ലോകത്തിൽ നിന്നെത്തന്നെ ഒന്ന് അടയാളപ്പെടുത്തുകഴ്

പ്രാർത്ഥനയ്ക്കുത്തരം



എനിക്ക് വിദേശത്തു പോകുവാനായി പരീക്ഷ ആദ്യം എഴുതി വിജയിക്കാനായില്ല. പോട്ടയിൽ വന്ന് നിയോഗം വെച്ച് പ്രാർത്ഥിച്ചതിന്റെ അനുഗ്രഹമായി നല്ല മാർക്കോടെ പരീക്ഷ വിജയിക്കുകയും വിദേശത്ത് പോകുവാനുള്ള തടസ്സം മാറുകയും ചെയ്തു. യേശുവേ, നന്ദി. യേശുവേ സ്തോത്രം.

സുസ്മി ജോസ്, കല്ലേറ്റുംകര



കഴിഞ്ഞ എട്ടുവർഷങ്ങളായി സ്കിൻ അലർജി മൂലം ഞാൻ വല്ലാതെ കഷ്ടപ്പെടുകയായിരുന്നു. ഈ കാര്യവുമായി പല ആശുപത്രികളിലും പല ഡോക്ടർമാരെയും കണ്ടെങ്കിലും യാതൊരു ആശ്വാസവും ലഭിച്ചില്ല. അതിനാൽ ഞാൻ പോട്ടയിൽ പ്രാർത്ഥനയിൽ പങ്കെടുക്കുകയും രോഗസൗഖ്യത്തിനായി പ്രാർത്ഥിക്കുകയും ചെയ്തു. പ്രാർത്ഥനയുടെ ഫലമായി എന്റെ രോഗം പൂർണ്ണമായി സൗഖ്യമായി. ദൈവമഹത്ത്വത്തിനായി ഞാനിത് സാക്ഷ്യപ്പെടുത്തുന്നു. യേശുവേ, നന്ദി.

ജെസിനാ ജോസഫ്, അങ്കമാലി.



എന്റെ ദൈവമേ, ശത്രുക്കളുടെ കൈയിൽ നിന്ന് എന്നെ മോചിപ്പിക്കണമേ!
എന്നെ എതിർക്കുന്നവനിൽ നിന്ന് എന്നെ രക്ഷിക്കണമേ!
(സങ്കീർത്തനങ്ങൾ 59 : 1)



നിഴലും പൊരുളും

ജിൻസി സന്തോഷ്

സൃഷ്ടാവിന്റെ സ്നേഹിതൻ

മോശ എന്ന ഒരു സാധാരണ ശിശു പെട്ടകത്തിൽ ഒളിപ്പിച്ച നിലയിൽ നദിയിൽ ഉപേക്ഷിക്കപ്പെടുന്നതുമുതൽ, നാല്പതാം അദ്ധ്യായത്തിൽ പുറപ്പാട് പുസ്തകത്തിന്റെ അവസാന താളുകൾ സമാഗമ കൂടാരത്തിൽ എത്തി നിൽക്കുമ്പോൾ നാം തിരിച്ചറിയണം....

ദൈവത്തിന്റെ പദ്ധതിയിൽ ഒന്നും യാദൃശ്ചികമായിരുന്നില്ല. തന്റെ ജനത്തിന്റെ രക്ഷയ്ക്കു വേണ്ടി വളരെ കരുതലോടെ ദൈവം ഒരുക്കിയ ഒരു മാസ്റ്റർ പ്ലാൻ.....ഒരു മുൾപ്പടർപ്പിന്റെ മധ്യത്തിൽ നിന്നു ജ്വലിച്ചുയർന്ന അഗ്നിയിൽ കർത്താവിന്റെ ദൂതൻ അവനു പ്രത്യക്ഷപ്പെട്ടു. മുൾപ്പടർപ്പ് കത്തിജ്വലിക്കുകയായിരുന്നു. എങ്കിലും അത് എരിഞ്ഞു ചാമ്പലായിരുന്നില്ല. (പുറ 3 : 2). മിദിയാനിൽ താമസിക്കുമ്പോൾ മരുഭൂമിയുടെ മറുഭാഗത്തേക്ക് ആടുകളെ നയിക്കവേ മോശ ദൈവത്തിന്റെ മലയായ ഹോറെബിൽ എത്തിച്ചേർന്നു. മിദിയാൻ:- സത്യ ദൈവത്തെ അറിയാത്ത, ആരാധിക്കാത്ത ഇടം.

നാല്പതു വർഷത്തെ അടിമവേലയുടെയും തകർക്കപ്പെടലിന്റെയും ഒടുവിൽ മോശ ദൈവത്തിന്റെ മലയായ ഹോറെബിൽ എത്തി. അവിടെ വച്ച് അവൻ ആ കാഴ്ച്ച കണ്ടു. കത്തിജ്വലിക്കുന്ന ഒരു മുൾപ്പടർപ്പ്... ഒപ്പം തന്റെ ദൈവത്തിന്റെ സ്വരവും സാന്നിധ്യവും. എല്ലായിടത്തും നിനക്ക് ദൈവത്തെ കാണാൻ സാധിക്കണമെന്നില്ല. എല്ലായിടത്തും നിനക്ക്

ദൈവത്തെ കേൾക്കാൻ സാധിക്കണമെന്നില്ല അതിന് ദൈവസാന്നിധ്യത്തിന്റെ ഇടങ്ങളിൽ എത്തണം. കാരണം എല്ലായിടത്തും ദൈവമുണ്ട്. എന്നാൽ.....എല്ലായിടവും ദൈവികമല്ല. മിദിയാനിൽ ആയിരിക്കുമ്പോൾ കാണാത്ത കാഴ്ച ഹോറെബിൽ വച്ച് നീ കാണും. മിദിയാനിൽ ആയിരിക്കുമ്പോൾ കേൾക്കാത്ത സ്വരം ഹോറെബിൽ വച്ച് നീ കേൾക്കും.

ദൈവത്തെ കേൾക്കാൻ നീ നിന്നെത്തന്നെ ശാന്തമാക്കി ഏകാഗ്രതയിൽ ദൈവിക സാന്നിധ്യ ഇടങ്ങളിൽ കാതോർക്കണം. ദൈവ സാന്നിധ്യത്തിന്റെ തുരുത്തുകൾ സ്വച്ഛതയുടെ തീരങ്ങളാണെന്ന് തിരിച്ചറിയുക. ഞാനും നീയുമൊക്കെ ഒരു മുൾപ്പടർപ്പാണ്.

കോപം, അസൂയ, അഹങ്കാരം, ലോക മോഹങ്ങൾ എന്നിങ്ങനെയുള്ള മുള്ളുകൾ നിറഞ്ഞ ഒരു മുൾപ്പടർപ്പ്. ഈ മുൾപ്പടർപ്പിന്റെ മേൽ ദൈവത്തിന്റെ തീയിറങ്ങണം. ശുദ്ധതയുടെ...., അഭിഷേകത്തിന്റെ തീ.

നൂറ്റിയിരുപതു വയസ്സുവരെ മോശ ജീവിച്ചു. പൂർണമായ പുരുഷായുസ്സാണത് (സങ്കീ 78). വാർധക്യത്തിലും അയാൾ പൂർണ ആരോഗ്യവാനായിരുന്നു, മോശയുടെ കണ്ണു മങ്ങുകയോ, ശക്തി ക്ഷയിക്കുകയോ ചെയ്തിരുന്നില്ല. കർത്താവിന്റെ ദാസനായ മോശ, എന്നുള്ള വിശേഷണവും അർഥ പൂർണമാണ്. യജമാനന്റെ ഇഷ്ടം പൂർണമായും നിറവേറ്റുന്നയാളാണ് ദാസൻ. തന്നെ ഏല്പിച്ച ദൗത്യം നിറവേറ്റിയിട്ടാണ് മോശ പിന്മാറുന്നത്. ദൈവത്തിന്റെ ജനം വാഗ്ദാനഭൂമിയുടെ വാതിൽക്കൽ എത്തിയിരിക്കുന്നു. നാല്പതു വർഷക്കാലം എല്ലാവിധ പ്രതിസന്ധികളിലൂടെയും മോശ അവരെ നയിച്ചു. കർത്താവിന്റെ നിയമങ്ങൾ അവരെ പഠിപ്പിച്ചു. ശാശ്വതമായ ഓർമയ്ക്കു വേണ്ടി അത് എഴുതി ലേവ്യ പുരോഹിതന്മാരെയും ജനപ്രമാണികളെയും ഏല്പിച്ചു. അതു കാലാകാലങ്ങളിൽ വായിക്കണമെന്നും, മക്കളെ പഠിപ്പിക്കണമെന്നും, ഹൃദയത്തിൽ സൂക്ഷിക്കണമെന്നും, സർവോപരി അതനുസരിച്ചു ജീവിക്കണമെന്നും വീണ്ടും വീണ്ടും അവരെ അനുസ്മരിപ്പിച്ചു. ദൈവസന്നിധിയിൽ സഫലമായ ജീവിതം - അതായിരുന്നു മോശയുടേത്.

മോശയുടെ അതുല്യസ്ഥാനം പ്രകീർത്തിച്ചുകൊണ്ടാണ് നിയമാവർത്തനഗ്രന്ഥം അവസാനിക്കുന്നത് (34:10-12). മോശ ദൈവത്തോട് മുഖാഭിമുഖം സംസാരിച്ചു. വേറൊരാൾക്കും ലഭിക്കാത്ത ആനുകൂല്യമാണിത്. ദൈവത്തിന്റെ മുഖം കണ്ടാൽ ഒരുവൻ മരിക്കും എന്ന വിശ്വാസം നിലനിന്നിരുന്നിടത്ത്, ദൈവത്തിന്റെ മുഖം കാണുക മാത്രമല്ല, ജീവിച്ചിരിക്കേണ്ടതിന് വേണ്ട നിയമങ്ങൾ ആ മുഖത്തുനിന്നു കേട്ട് ജനത്തെ പഠിപ്പിച്ചയാളാണ് മോശ. എന്നാൽ, ഇസ്രായേലിന്റെ ചരിത്രത്തിൽ വ്യത്യസ്ത ദൗത്യങ്ങളാണ് മോശ നിർവഹിച്ചത്. പ്രവാചകൻ, പുരോഹിതൻ, സൈന്യ മേധാവി, നേതാവ് ഇവയെല്ലാം മോശയ്ക്കു യോജിക്കുന്ന വിശേഷണങ്ങളാണ്. എന്നാൽ, ഇതിനെല്ലാമുപരിയായി 'ദൈവം മുഖാഭിമുഖം സംസാരിച്ചവൻ' എന്നതാണ് മോശയുടെ മഹത്ത്വത്തിനു നിദാനം. അതിൽനിന്നാണ് മോശയുടെ വിവിധങ്ങളായ ദൗത്യങ്ങളുടെ ആരംഭം.

വെറുമൊരു സാധാരണ അടിമകുടുംബത്തിൽ പിറന്ന ശിശു....., അവനെ ഇരുപതുലക്ഷത്തിലധികം വരുന്ന ഇസ്രായേൽ ജനത്തെ നയിക്കാൻ ദൈവം പരിശീലിപ്പിച്ചത് 80 വർഷം. ഒറ്റപ്പെടലിന്റെയും, ഒളിച്ചോട്ടത്തിന്റെയും, അടിമത്വത്തിന്റെയും കാലഘട്ടങ്ങൾ.....

എല്ലാറ്റിനുമൊടുവിൽ മോശ എത്തി നിൽക്കുന്നത് സർവ്വത്തിന്റെയും ഉടയവനായ സൃഷ്ടാവായ ദൈവവുമായി സ്നേഹസംഭാഷണത്തിൽ.....ഒരു സ്നേഹിതനോടെന്നപോലെ കർത്താവ് മോശയോട് മുഖാഭിമുഖം സംസാരിച്ചിരുന്നു (പുറ 33:11).

അത്രയേറെ ദൈവവുമായി ആത്മബന്ധം സ്ഥാപിക്കാൻ ,മോശയുടെ വിശ്വസ്തതയും അനുസരണവും സ്വർഗം മാനിച്ചു. സഹനങ്ങൾ നമുക്ക് ദൈവവുമായി അടുക്കാനുള്ള പരിശീലനങ്ങളാണ്. അവിടുത്തെ പദ്ധതികൾക്ക് നീ പാകപ്പെടുന്നതു വരെ ദൈവം മറഞ്ഞിരിക്കും. നിന്റെ കഴിവും പ്രയത്നങ്ങളും എല്ലാം വിഫലമാകുന്നിടത്ത് അവിടുത്തെ കരത്തിന്റെ ശക്തി പ്രകടമാകും. തക്ക സമയത്ത് ദൈവം നിന്നെ ഉയർത്തുകയും ചെയ്യും.

ദൈവം താമസിച്ചു എന്നതിനർഥം ദൈവം കൈവിട്ടു എന്നല്ല. ക്രിസ്തീയ ജീവിതം വെട്ടിമാറ്റപ്പെടാനുള്ളതല്ല. വെട്ടിയൊരുക്കപ്പെടാനുള്ളതാണ് ൟ

ബലിപീഠത്തിലേക്കുള്ള യാത്ര



ഫാ. ഡാനിയേൽ പൂവണ്ണത്തിൽ

ജറുസലേം ദേവാലയത്തിലേക്കുള്ള ഈശോയുടെ രാജകീയ പ്രവേശനമാണ് മത്തായി സുവിശേഷം 21-ാം അദ്ധ്യായം 1-11 വരെയുള്ള വാക്യങ്ങളുടെ പ്രതിപാദ്യ വിഷയം. ഒലിവുമലയ്ക്ക് അരികെയുള്ള ബേത്ഫാഗെയിൽ എത്തുമ്പോഴാണ് ഈശോ തന്റെ രണ്ടു ശിഷ്യന്മാരെ ഓശാനയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾക്കായി പറഞ്ഞയയ്ക്കുന്നത്. ബേത്ഫാഗെ എന്ന പദത്തിന്റെ അർത്ഥം അത്തിപ്പഴങ്ങളുടെ വീട് എന്നാണ്. എന്തുകൊണ്ടായിരിക്കാം ഈശോ ഈ സ്ഥലവും സമയവും ജറുസലേമിലേക്കുള്ള തന്റെ രാജകീയ പ്രവേശനത്തിനായി തിരഞ്ഞെടുത്തതെന്ന് നമുക്ക് വിചിന്തനം ചെയ്യാം.

ദിവസത്തിന്റെ/ സമയത്തിന്റെ പ്രത്യേകത: ജറുസലേം ദേവാലയത്തിലേക്കാണ് ഈശോ രാജകീയ പ്രതാപത്തോടെ പ്രവേശിക്കാനിരിക്കുന്നത്. എന്നാൽ ഈശോയ്ക്ക് മിത്രങ്ങളേക്കാൾ ശത്രുക്കളാണ് കൂടുതലായി ഉണ്ടായിരുന്നത്. യഹൂദ പാരമ്പര്യമനുസരിച്ച് 3 തിരുനാളുകളുടെ അവസരത്തിലാണ് 12 വയസ്സിനുമുകളിലുള്ള എല്ലാ പുരുഷന്മാരും ദേവാലയത്തിൽ ബലിയർപ്പണത്തിനായി എത്തിയിരുന്നത്. 1. പെസഹാ തിരുനാൾ 2. കൂടാരത്തിരുന്നാൾ 3. പെന്തക്കുസ്താതിരുന്നാൾ. അത് പെസഹാ തിരുനാളിന്റെ ദിവസങ്ങളായിരുന്നതിനാൽ ഈശോയെ അറിയുന്ന അവിടുത്തെ അത്ഭുതങ്ങൾ കണ്ടിട്ടുള്ള ധാരാളം, ആയിരക്കണക്കിന് പുരുഷൻമാർ അവിടെ ഉണ്ടായിരുന്നു. അതുകൊണ്ടാണ് ഈശോ ഈ ദിവസം തിരഞ്ഞെടുത്തത്.

ഒലിവുമലയിൽ നിന്ന് ഈശോ രാജകീയ യാത്ര ആരംഭിക്കാൻ കാരണം ഗലീലി, കഫർണാം പ്രദേശങ്ങളിൽ നിന്നു വന്ന ഈ ജനങ്ങൾ താമസിച്ചിരുന്നത് ഒലിവുമലയ്ക്കരികെ കെട്ടി ഒരുക്കിയ ടെന്റുകളിലാണ്. വളരെ പ്ലാൻഡ് ആയിട്ടാണ് ഈശോ തന്റെ രാജകീയ പ്രവേശനം ക്രമീകരിക്കുന്നതെന്ന് ഇതിൽനിന്നും നമുക്ക് വ്യക്തമാക്കാം.

ഒലിവുമല മുതൽ ജറുസലെം ദേവാലയം വരെ ഏകദേശം മൂന്ന്-മൂന്നര കിലോമീറ്ററുണ്ട്. ഈ ദൂരമാണ് ഈശോ കഴുതപ്പുറത്തിരുന്ന് സഞ്ചരിക്കുന്നത്. ജറുസലേമിലേക്കു പ്രവേശിക്കുന്ന നഗ്നപാദരായ ജനങ്ങളുടെ ഇടയിലൂടെ ഈശോ കഴുതപ്പുറത്തേക്ക് പ്രവേശിക്കുന്നത് പ്രവചനങ്ങളുടെ പൂർത്തീകരണമായാണ് ആയിരക്കണക്കിന് പ്രവചനങ്ങൾ ഒരു വ്യക്തിയിൽ പൂർത്തിയാകുന്നത് മനുഷ്യചരിത്രത്തിൽ യേശുവിൽ മാത്രമാണ് എന്ന് സഖറിയ 9:9, 1 രാജാക്കന്മാർ 1:33 തുടങ്ങിയ വചനങ്ങളിൽ നാം കാണുന്നു.

രാജാക്കന്മാരുടെ രണ്ടാം പുസ്തകം 9-ാം അദ്ധ്യായം 13-ാം വാക്യത്തിൽ വസ്ത്രങ്ങൾ വഴിയിൽ വിരിക്കുന്നത് രാജാവിനെ സ്വീകരിക്കുന്ന രീതിയാണ്. ജനങ്ങൾ തങ്ങളുടെ വസ്ത്രങ്ങൾ വിരിച്ച് ഈശോയെ സ്വീകരിക്കുന്നത് ഈശോയെ രാജാവായി അംഗീകരിച്ചു എന്നതിന്റെ സൂചനയാണ്. സങ്കീ. 118:25 കർത്താവേ, ഞങ്ങളെ രക്ഷിക്കണമേ എന്നതാണ് ഓശാന എന്ന പദത്തിന്റെ അർത്ഥം. സങ്കീ. 118:27ൽ പറയുന്നത് പ്രദക്ഷിണമായി ബലിപീഠത്തിലേക്ക് നീങ്ങുവിൻ എന്നാണ്. അതെ... ഈശോയുടെ രാജകീയ യാത്രയും അവസാനിച്ചത് ഒരു ബലിപീഠത്തിലാണ്, കാൽവരിയിലെ കുരിശാകുന്ന ബലിപീഠത്തിൽ ✠



വചനോത്സവശുശ്രൂഷയിലൂടെ

യേശുവിനെ അറിയാത്ത മിഷൻ പ്രദേശങ്ങളിൽ പ്രേഷിതരാകുവാൻ...
നിങ്ങളുടെ ഇടവകയിലും കുടുംബയൂണിറ്റുകളിലും
സംഘടനകളിലും യേശുവിന്റെ സാക്ഷികളാകുവാൻ...
ഹോസ്പിറ്റലുകളിലും ജയിലുകളിലും ലൈബ്രറികളിലും
വിശ്രമകേന്ദ്രങ്ങളിലും ദൈവവചന പ്രഘോഷകരാകുവാൻ...
ഒരു മാസികയെങ്കിലും സ്പോൺസർ ചെയ്യാൻ പരിശുദ്ധാത്മാവ്
പ്രേരിപ്പിക്കുന്നവർ ഇന്ന് തന്നെ ബന്ധപ്പെടുക :

SCAN TO SUPPORT

☎ **9447696622**



ഞാൻ ഉപരിപഠനത്തിനായി ജർമ്മനിയിൽ പോവുകയും ദൈവാനുഗ്രഹത്താൽ 2024 ജൂൺ മാസം വിജയകരമായി എം.ബി.എ പഠനം പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ പിന്നീട് എനിക്ക് തൃപ്തികരമായ ഒരു ജോലി കിട്ടാത്തതിനാൽ വളരെയേറെ വിഷമിച്ചു. വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി എനിക്ക് ഒരു നല്ല ജോലി തന്ന് യേശു എന്നെ അനുഗ്രഹിച്ചു. യേശുവേ, നന്ദി.

ഗ്ലെൻ മൊറായിസ്, മാംഗ്ലൂർ



എന്റെ മകനു കുഞ്ഞുങ്ങൾ ഉണ്ടായിരുന്നില്ല. ഞാൻ വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിച്ച് പ്രാർത്ഥിച്ചു. രണ്ടു പ്രാവശ്യം ട്യൂബിലായിരുന്നു. എട്ടു കൊല്ലത്തിനു ശേഷം വീണ്ടും ഗർഭിണിയായി. ഗർഭപാത്രത്തിൽ ആയിരുന്നു കുഞ്ഞ്. യാതൊരു കുറവുകളുമില്ലാത്ത ഒരു ആൺകുഞ്ഞിനെ നല്കി ദൈവം അനുഗ്രഹിച്ചു. യേശുവേ, നന്ദി.

റോസി ആന്റണി, പൂനെ

സാക്ഷ്യങ്ങൾ അയക്കുമ്പോൾ


ഫോട്ടോ, പൂർണ്ണവിലാസം, തെളിവുകൾ, ഫോൺ നമ്പർ എന്നിവ ഉണ്ടായിരിക്കണം. പ്രസിദ്ധീകരിക്കാൻ പണമടയ്ക്കേണ്ടതില്ല. എന്നാൽ വചനോത്സവം ശുശ്രൂഷയെ സാമ്പത്തികമായി സഹായിച്ചോ, വചനോത്സവം വാങ്ങി വിതരണം ചെയ്തോ കൃതജ്ഞത അർപ്പിക്കാവുന്നതാണ്. ഇവിടെ ലഭിക്കുന്ന സാക്ഷ്യങ്ങൾ നിരവധിയാണ്, എല്ലാം പ്രസിദ്ധീകരിക്കുമെന്ന് പ്രതീക്ഷിക്കരുത്. സാക്ഷ്യം അയക്കുമ്പോൾ പ്രതിജ്ഞ നിറവേറ്റപ്പെട്ടതായി കണക്കാക്കണം.

അയയ്ക്കേണ്ട വിലാസം - എഡിറ്റർ, വചനോത്സവം, പോട്ട - 680 722, ചാലക്കുടി

ഈ മാസിക വായിച്ചതിനുശേഷം മറ്റൊരു വ്യക്തിക്കോ, കുടുംബത്തിനോ നല്കി വചനോത്സവം പ്രേഷിതരാവുക.

ഇടവക നവീകരണത്തിന്
വചനോത്സവ ധ്യാനം

സത്യം നിങ്ങളെ സ്വതന്ത്രരാക്കും (യോഹ. 8 : 32)



നയിക്കുന്നത്



ഫാ. ജേക്കബ്
കാട്ടിപറമ്പിൽ വി സി



ഫാ. ഷിന്റോ
മംഗലത്ത് വി സി



ഫാ. ജോസഫ്
കൈപ്പടകുന്നേൽ വി സി



ഫാ. പ്രിൻസ്
മാഞ്ഞൂരാൻ വി സി

നാം ഇനിമേൽ തെറ്റിന്റെ വഞ്ചനയിൽപ്പെടുത്താൻ മനുഷ്യർ കൗശല പൂർവം നൽകുന്ന വക്രതയാർന്ന ഉപദേശങ്ങളുടെ കാറ്റിൽ ആടിയുലയുകയും തുത്തെറിയപ്പെടുകയും ചെയ്യുന്ന ശിശുക്കളാകരുത് (എഫേസോസ് 4 : 14)

കുടുംബ ബന്ധങ്ങളെ വിമലീകരിക്കുന്ന പ്രബോധനങ്ങൾ.
പുതു തലമുറയെ ദൈവാരാധനക്കൊരുക്കുന്ന ശുശ്രൂഷകൾ.
ഇടവക സമൂഹത്തെ ആത്മാവിൽ ജ്വലിപ്പിക്കുന്ന ആരാധനകൾ

ധ്യാനം ബുക്ക് ചെയ്യാൻ : 9495148484, 7034885003

വിൻസെൻഷ്യൻ ധ്യാനകേന്ദ്രങ്ങളിലൂടെ

ഡിവൈൻ ധ്യാനകേന്ദ്രം മുരിങ്ങൂർ
ഫോൺ: 0480 2708413.2708513, 7560958453
മലയാളം ധ്യാനം എല്ലാ ഞായറാഴ്ചകളിലും
ഉച്ചയ്ക്ക് 2 മണി മുതൽ വെള്ളിയാഴ്ച രാവിലെ വരെ.

പോട്ട ആശ്രമം
ഫോൺ: 0480 2709324, 2708714, 9947853010
ഒക്ടോബർ 4-8 ആന്തരികസൗഖ്യധ്യാനം
ഒക്ടോബർ 18-22 ആന്തരികസൗഖ്യധ്യാനം
എല്ലാ ദിവസവും ഏകദിന ധ്യാനം
രാവിലെ 9 മുതൽ ഒരുമണിവരെ

പരിത്രാണ ധ്യാനകേന്ദ്രം, അടിച്ചിറ, കോട്ടയം
ഫോൺ: 0481-2791635,9946470293
ഒക്ടോബർ 6 - ജെറിക്കോ പ്രാർത്ഥന,
ഒക്ടോബർ 16-18 ആന്തരികസൗഖ്യധ്യാനം
ഒക്ടോബർ 30-നവംബർ 1 ആന്തരികസൗഖ്യധ്യാനം

കൃപാലയ ധ്യാനകേന്ദ്രം,കട്ടപ്പന
ഫോൺ: 9562385575, 9745335575
എല്ലാ മാസവും ഒന്നാം ചൊവ്വാഴ്ച ജറീക്കോ പ്രാർത്ഥന
ഒക്ടോബർ 9-12 ദിവ്യകാരുണ്യാനുഭവ ജീവിതനവീകരണധ്യാനം

ജൂബിലി ധ്യാനകേന്ദ്രം, പുതുപ്പാടി, കോഴിക്കോട്
ഫോൺ: 9961805660, 9633141220
എല്ലാ ചൊവ്വാഴ്ചകളിലും 9 am മുതൽ 2 pm വരെ
കരുണാഭിഷേക ബൈബിൾ കൺവെൻഷൻ

ഡീപോൾ, ധ്യാനാലയം, മീനങ്ങാടി, വയനാട്
ഫോൺ: 7034791022, 8289909951
എല്ലാ മാസവും രണ്ടാം ശനിയുൾപ്പെടെ വെള്ളി, ശനി, ഞായർ (ഒക്ടോബർ 9,10,11) ആന്തരികസൗഖ്യ വിടുതൽ ശുശ്രൂഷാധ്യാനം
എല്ലാ ചൊവ്വാഴ്ചയും കരുണാഭിഷേക കൺവെൻഷൻ (9am-2 pm)

ഡിപോൾ ധ്യാനകേന്ദ്രം നിലമ്പൂർ ഫോൺ: 9135000043
എല്ലാ വെള്ളിയാഴ്ചകളിലും വചനപ്രഘോഷണവും
സൗഖ്യാരാധനയും (9 am to 1 pm)

ഡിവൈൻ ഡി പോൾ റിട്രീറ്റ് സെന്റർ, തോട്ടകം, വൈക്കം
ഫോൺ: 9447774477
ഒക്ടോബർ 2-4 ആന്തരികസൗഖ്യധ്യാനം
ഒക്ടോബർ 9-18 ജപമാല കൺവെൻഷൻ
ഏകദിന ധ്യാനശുശ്രൂഷ എല്ലാ വെള്ളിയാഴ്ചകളിലും(9.30 am to 2.30 pm)

ഏഫാത്താ വിൻസെൻഷ്യൻ പ്രാർത്ഥനാലയം രാമല്ലൂർ, കോതമംഗലം ഫോൺ: 9074594014
ഏകദിന സായാഹ്ന ബൈബിൾ കൺവെൻഷൻ
എല്ലാ ബുധനാഴ്ചകളിലും 4 PM മുതൽ - 8 PM വരെ.
അഖണ്ഡജപമാലയും ജെറീക്കോ പ്രാർത്ഥനയും
മാസാദ്യ ബുധനാഴ്ച: 9 AM മുതൽ - 8 PM വരെ.
പകൽ ആരാധനയും നിയോഗ പ്രാർത്ഥനയും
എല്ലാ വ്യാഴാഴ്ചകളിലും 2.30 PM മുതൽ -4 PM വരെ.

ഡി പോൾ ധ്യാനാലയം, കാലിച്ചാനടുക്കം, കാസർഗോഡ്
ഫോൺ: 9961165991
എല്ലാ ചൊവ്വാഴ്ചയും ഏകദിനധ്യാനം 9 am - 12 pm

അവൻ അവളോടു പറഞ്ഞു: മകളേ,
നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോവുക (ലൂക്കാ 8:48).

നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും
സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോ 16:15)

വചനോത്സവം

സംസ്ഥാന പ്രേഷിത സംഗമം 2026

പോട്ട ആശ്രമത്തിൽ

ഡിസംബർ 18,19,20 തീയതികളിൽ



പ്രിയ വചനോത്സവം കുടുംബാംഗങ്ങളേ,
വീണ്ടും ഒരിക്കൽ കൂടി കേരളത്തിലെ മുഴുവൻ വചനോത്സവം പ്രചാരകരും ഒത്തുകൂടാൻ ദൈവം അവസരം ഒരുക്കുന്നു. കേരളത്തിൽ വീശിയ പരിശുദ്ധാത്മ കൊടുങ്കാറ്റിന്റെ പ്രഭവസ്ഥാനമായ പോട്ടയിലാണ് നാം സമ്മേളിക്കുന്നത്, അഭിമാന പൂർവ്വം നമുക്കൊത്തുചേരാം. നാലു ദശകങ്ങളായി നമ്മെ ഈ ശുശ്രൂഷയിൽ നിലനിർത്തുന്ന ദൈവത്തിനു നമുക്കൊരുമിച്ചു നന്ദി പറയാം. പരസ്പരം കണ്ടുമുട്ടാനും വിശേഷങ്ങൾ പങ്കിടാനും ഒരുമിച്ചു പ്രാർത്ഥിക്കാനും ദൈവം തരുന്ന അവസരം പൂർണ്ണമായി ഉപയോഗപ്പെടുത്താം.
സംഗമത്തിലേക്ക് എല്ലാവരെയും യേശുനാമത്തിൽ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

ഫാ. പ്രിൻസ് മാഞ്ഞൂരാൻ വി.സി.
മാനേജർ

ഫാ. ജേക്കബ് കാട്ടിപറമ്പിൽ വി.സി.
ചീഫ് എഡിറ്റർ

NB : **താമസ സൗകര്യം ഒരുക്കേണ്ടതിനാൽ മുൻകൂട്ടി അറിയിക്കണേ (94476 96622).**
വെള്ളിയാഴ്ച വൈകിട്ട് 5 ന് ആരംഭിച്ച് ഞായറാഴ്ച രാവിലെ 9 ന് അവസാനിക്കും.





ഷാജി മാലിപ്പാറ

ഒരു ഗിഫ്റ്റ് അൺബോക്സിംഗ് അപാരത

ഇത് ചേട്ടനെടുത്തോ. സ്വർണ്ണ നിറത്തിൽ തിളങ്ങുന്ന പേനയുള്ള ചെറിയ ബോക്സ് കൈയിലെടുത്ത് ലില്ലി പറഞ്ഞു.

അപ്പോൾ നിനക്കു വേണ്ടേ?

എനിക്ക് വേറെ സമ്മാനങ്ങൾ ഉണ്ടല്ലോ. ഇത് ചേട്ടനാ. അവൾ അത് ലൂക്കിന്റെ കൈയിൽ വച്ചുകൊടുത്തു.

താങ്ക് ലില്ലിക്കുട്ടീ... ലൂക്ക് അവളുടെ താടിയിൽ പിടിച്ച് കൊഞ്ചിച്ചു.

ലില്ലിയുടെ പത്താം പിറന്നാളിന് കിട്ടിയ സമ്മാനമാണ്. വലിയ ആഘോഷമൊന്നും ഉണ്ടായില്ല. കുറച്ചുപേരെ വീട്ടിൽ വിളിച്ച് ചെറിയൊരാഘോഷം. രാവിലെ പള്ളിയിൽ പോയി. കുർബാനയ്ക്കുശേഷം അച്ചൻ അൾത്താരയുടെ



മുമ്പിൽ വച്ച് തലയിൽ കൈവച്ച് പ്രാർത്ഥിച്ചു. സമ്മാനമായി ഒരു മഞ്ച് മിഠായിയും കൊടുത്തു.

വൈകിട്ടാണ് വീട്ടിൽ കേക്കു മുറിച്ചതും വന്നവർക്ക് ട്രീറ്റു കൊടുത്തതും. അന്നേരം ചിലർ സമ്മാനങ്ങൾ കൈമാറി. സമ്മാനമായി ക്കിട്ടിയ ചോക്ക്ലേറ്റും മറ്റും അവിടെയുണ്ടായിരുന്ന കുട്ടികൾക്കായി ലില്ലി പങ്കുവച്ചു. ആഘോഷമൊക്കെ കഴിഞ്ഞ് എല്ലാരും പോയപ്പോൾ അപ്പയും അമ്മയും ലൂക്കും ലില്ലിയും മാത്രമായി.

നമുക്ക് സമ്മാനങ്ങളൊക്കെ തുറക്കാം. ലൂക്ക് തിടുക്കം കൂട്ടി.

സൂക്ഷിച്ചുതുറക്കണം അമ്മ ഓർമ്മിപ്പിച്ചു.

ഓരോ സമ്മാനപ്പൊതിയുമെടുത്ത് പൊതിച്ചിൽ അഴിച്ചുമാറ്റി, സാവകാശം തുറക്കാൻ അപ്പ സഹായിച്ചു. അതിനുള്ളിലെ സാധനങ്ങൾ ആമി കൈയിലെടുത്ത് തിരിച്ചും മറിച്ചും നോക്കി. പിന്നെ ഡൈനിംഗ് ടേബിളിൽ നിരത്തി വയ്ക്കാൻ ലൂക്കും ചേർന്നു.

രണ്ട് ഉടുപ്പുകൾ, ഒരു വലിയ ടെഡിബെയർ, ഒരു വർണ്ണക്കുട, ഫാൻസി പേഴ്സ്, തിളങ്ങുന്ന മുത്തുമാല സെറ്റ്, സ്വർണ്ണനിറമുള്ള പേന,ഭംഗിയുള്ള കുഞ്ഞുഡയറി, ഗെയിം കളിക്കാവുന്ന പെൻസിൽബോക്സ്...അങ്ങനെ പലതും പലതും.

ചേട്ടന് ഇനി വല്ലതും വേണോ? ഈ ഡയറിയും തരാം ലില്ലി പറഞ്ഞു.

വേണ്ടാ. ഇനിയെല്ലാം നീയെടുത്തോ.

എല്ലാമൊന്നും എനിക്കും വേണ്ടാ. ഞാൻ ചിലതൊക്കെ ചിലർക്ക് കൊടുക്കാൻ പോവുകയാ.

ആർക്ക്? അമ്മയുടെ മുഖത്ത് ആകാംക്ഷ.

ഈ ടെഡിബെയർ നിമ്മിയാന്റീടെ സേറക്കുട്ടിക്ക്. ഇവിടെ വേറെയുണ്ടല്ലോ... പിന്നെ ഈ കുട ബെറ്റിമോൾക്ക് ഇഷ്ടപ്പെടും..

ശരിയാ. അതു നല്ല കാര്യം. ഇപ്പോൾ ലില്ലി കൂടുതൽ മിടുക്കിയായി. അമ്മ അവളെ അഭിന്ദിച്ചു.

നമ്മളിന്ന് ഒരു റീല് കണ്ടില്ലേ? വീട്ടിലെ അലമാരകളിൽ നമുക്ക് വേണ്ടാതെ, ആർക്കും കൊടുക്കാതെ വെറുതെ വച്ചിരിക്കുന്ന ഒത്തിരി സാധനങ്ങളുണ്ടെന്ന് പറയുന്ന റീല്.

ആ ... അതു കണ്ടത് ഞാനോർക്കണൊണ്ട്. ലില്ലിക്ക് ഓർമ്മ വന്നു.

സമ്മാനം കിട്ടുമ്പോൾ സന്തോഷം തോന്നും. അതുപോലെ കൊടുക്കുമ്പോഴും സന്തോഷം ഉണ്ടാകും. അപ്പ ഒരു ഫിലോസഫി പറഞ്ഞു.

അപ്പേ, ഒരു വചനംകൂടി പറയ്. ലൂക്ക് ഓർമ്മിപ്പിച്ചു.

ഇതാ കേട്ടോളൂ. അപ്പ വചനം ഉറക്കെ പറഞ്ഞു. **നന്മ ചെയ്യുന്നതിലും നിങ്ങൾക്കുള്ളവ പങ്കുവയ്ക്കുന്നതിലും ഉപേക്ഷ വരുത്തരുത്. അത്തരം ബലികൾ ദൈവത്തിന് പ്രീതികരമാണ് (ഹെബ്രാ. 13:16).**

കിട്ടുമ്പോഴാണോ കൊടുക്കുമ്പോഴാണോ സന്തോഷം ഉണ്ടാകുന്നത്? നമുക്ക് ഇങ്ങോട്ട് കിട്ടുമ്പോഴാണെന്ന് പെട്ടെന്നു തോന്നും. എന്നാൽ നാം അങ്ങോട്ട് കൊടുക്കുമ്പോൾ കൂടുതൽ സന്തോഷം ഉണ്ടാകും. അത് അനുഭവിച്ചുതന്നെ അറിയണം. അതിനായി നാം ഉള്ളതിൽനിന്ന് ചിലതൊക്കെ മറ്റുള്ളവർക്ക് പങ്കുവയ്ക്കണം. അപ്പോൾ നമ്മുടെയുള്ളിൽ ഒരിളംകാറ്റ് വീശും. ഒരു സുഗന്ധം വിരുന്നുവരും. മനസ്സാകെ കുളിരണിയും.

SAINT FRANCIS OF ASSISI

Love That Embraces All Creation

1 A Boy Who Loved Pleasure

Born in Assisi around 1181–1182, Francis grew up in a wealthy merchant family.

He loved fine clothes, songs, friends, and celebrations.



2 Captured in War

As a young man, Francis went to war and was captured.

He spent more than a year as a prisoner in Perugia.

Illness began to change his heart.



3 A Call to Return

Francis dreamed of becoming a great knight.

But at Spoleto, another illness stopped his journey.

He heard a call to return to Assisi.



4 Meeting the Leper

Francis began to seek God through prayer and solitude.

One day, he met a leper.


Overcoming his fear, he embraced him and gave him money.



5 The Call at San Damiano

While praying before a crucifix at the San Damiano chapel, Francis heard:

"Go, Francis, and repair my house."



6 Leaving Everything Behind

Francis gave up his wealth and began rebuilding San Damiano.

His father was furious, but Francis chose to leave his old life behind.



7 Renouncing His Wealth

Before the bishop, Francis renounced his inheritance.

From then on, he embraced poverty and devoted himself completely to God.



8 Serving the Poor

Francis lived among the poor, cared for lepers, rebuilt abandoned chapels, and preached peace.


Soon, others joined him.



9 A Heart Transformed

At Mass, Francis heard the Gospel calling the disciples to leave everything and proclaim God's Kingdom.


He finally understood his vocation.



10 A Saint of Love and Peace

Francis became a servant of Christ, preaching love, peace, humility, and care for all creation.

He died peacefully on October 3, 1226.



"Lord, make me an instrument of Your peace. Where there is hatred, let me sow love; where there is injury, pardon; where there is doubt, faith; where there is despair, hope."

FEAST DAY: OCTOBER 4

PATRON OF: ANIMALS, ECOLOGY, AND THE ENVIRONMENT

Prepared by : Smartin K Cherian

ധ്യാനകേന്ദ്രങ്ങളിലെ ശുശ്രൂഷകൾ

ജോർദ്ദാനിയ ധ്യാനമന്ദിരം,നെടുപുഴ,തൃശൂർ

ഫോൺ: 9656512686, 0487 2449082

ഒക്ടോബർ 4-8; 18-21 ക്രിസ്റ്റീൻധ്യാനം

ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് മുളയം, തൃശൂർ

ഫോൺ: 9744442592, 9497824488

എല്ലാമാസവും ഒന്നാം തീയതി മുതൽ 9 -ാം തീയതിവരെ ലഹരി വിമോചന ക്യാമ്പ് (Family Wellness Programme)

മറിയം ത്രേസ്യ ഫാമിലി റിന്യൂവൽ സെന്റർ, കുഴിക്കാട്ടുശേരി

ഫോൺ: 0480-2787024, 9400437179, 9400437179

ഒക്ടോബർ 2-6 ദമ്പതിധ്യാനം; ഒക്ടോബർ 16-20 ദമ്പതിധ്യാനം

ഗ്രേയ്സ് ഓഫ് ഹെവൻ ധ്യാനകേന്ദ്രം, കുണ്ടുകാട്, തൃശൂർ

ഫോൺ: 8301914737, 8301914649

സെപ്റ്റംബർ 11-13 കുടുംബവിശുദ്ധീകരണധ്യാനം

ഏകദിന ബൈബിൾ കൺവെൻഷൻ (എല്ലാ ശനിയാഴ്ചകളിലും)

റോസറി ഹിൽ ആശ്രമം കൊടുങ്ങ, വെള്ളികുളങ്ങര

ഫോൺ: 9605145856, 9778323496

ദിവ്യകാരുണ്യഅഭിഷേകധ്യാനം എല്ലാ മാസവും രണ്ടാം ശനി ഉൾപ്പെടുന്ന വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ

ആത്മജ്യോതി റിട്രീറ്റ് സെന്റർ, പട്ടിക്കാട് തൃശൂർ ഫോൺ: 9447290177

ഒക്ടോബർ 9-11 ആന്തരികസൗഖ്യധ്യാനം

ഗുഡ് ഷേപ്പേർഡ് ധ്യാനകേന്ദ്രം, വടക്കാഞ്ചേരി റോഡ്, കുന്നംകുളംഫോൺ: 7025777272

ഒക്ടോബർ 18-21 ആത്മാഭിഷേക വിടുതൽ ധ്യാനം

സെന്റ് നോർബർട്ട് ധ്യാനകേന്ദ്രം,കല്ലംകുളം, പഴയന്നൂർ

ഫോൺ: 9834957054, 7378801607

എല്ലാമാസവും രണ്ടാം വെള്ളിയാഴ്ച 4 pm മുതൽ ഞായറാഴ്ച വൈകുന്നേരം 4.30 pm വരെ ജീവിതവിശുദ്ധീകരണധ്യാനം; മംഗളവാർത്ത ധ്യാനടീമിന്റെ ആന്തരീകസൗഖ്യ ധ്യാനം - എല്ലാ മാസവും മൂന്നാം വെള്ളി 4 pm മുതൽ ഞായറാഴ്ച വൈകുന്നേരം 4.30 pm വരെ (Phone 9388552935, 8907711410)

സെന്റ് മേരീസ് ധ്യാനകേന്ദ്രം, പഴുവിൽ

ഫോൺ: 988289808506, 9746271942

ആബാ ധ്യാനകേന്ദ്രം, ചേറൂർ, തൃശൂർ അതിരൂപത

ഫോൺ: 9544408833

അസ്സീസി ധ്യാനമന്ദിരം ഭരണങ്ങാനം

ഫോൺ: 04822238335, 8330884331

ഒക്ടോബർ 8-12 പരിശുദ്ധാത്മാഭിഷേകധ്യാനം

ഒക്ടോബർ 17-21 ആന്തരികസൗഖ്യധ്യാനം

എസ്.വി..ഡി. പ്രാർത്ഥനാനികേതൻ, കടുത്തുരുത്തി, കോട്ടയം ഫോൺ: 8594082294, 04829282294

ഒക്ടോബർ 17-20 ആന്തരികസൗഖ്യധ്യാനം

ഒക്ടോബർ 23-25 ദാമ്പത്യസ്നേഹനുഭവധ്യാനം

എമ്മാവൂസ് ധ്യാനകേന്ദ്രം, മല്ലപ്പള്ളി ഫോൺ: 9496710479

എല്ലാ മാസവും മൂന്നാമത്തെ വെള്ളിയാഴ്ച മുതൽ ചൊവ്വാഴ്ചവരെ ദിവ്യകാരുണ്യാനുഭവധ്യാനം

ഒക്ടോബർ 16-20 വി.കുർബാനഅനുഭവധ്യാനം

ഗുഡ്ന്യൂസ് ധ്യാനകേന്ദ്രം, പാമ്പാടി, കോട്ടയം

ഫോൺ: 9400294288, 9497870120

സെന്റ് മേരീസ് ധ്യാനകേന്ദ്രം, ചാത്തങ്കോട്ട് നട, കുറ്റ്യാടി

ഫോൺ: 8921219668

ഒക്ടോബർ 25-29 ദിവ്യകാരുണ്യ ആന്തരീകസൗഖ്യഅഭിഷേകധ്യാനം

ഡിവൈൻ മേഴ്സി ധ്യാനകേന്ദ്രം, കുടക്കച്ചിറ

ഫോൺ: 0482 2241214, 7479180110

വെള്ളിയാഴ്ചകളിൽ ദൈവകരുണയുടെ അത്ഭുത നൊവേന, ആരാധന

ശനിയാഴ്ചകളിൽ ദൈവകരുണയുടെ ഏകദിന വിടുതൽ ധ്യാനം

ഒക്ടോബർ 30-നവംബർ 1 തിരുരക്താഭിഷേകധ്യാനം

മോറിയ റിന്യൂവൽ സെന്റർ വെൻമണി

ഫോൺ: 8301072475, 8281676759

എല്ലാ ശനിയാഴ്ചകളിലും 9 മുതൽ 1.30 pm വരെ ധ്യാനം

നസ്രത്ത് കുടുംബധ്യാനകേന്ദ്രം കറുകുറ്റി

ഫോൺ: 9037344994, 8943273027

ഒക്ടോബർ 8-11 കുടുംബധ്യാനം

ഒക്ടോബർ 22-25 കുടുംബധ്യാനം

പാക്സ് സെന്റർ, ആലുവ

ഫോൺ: 7592031825, 0484 2624081

ദർശന റിട്രീറ്റ് സെന്റർ, ഇല്ലിത്തോട്, മലയാറ്റൂർ

ഫോൺ: 9961700996, 9605778215, 0484 2468333

ചിറ്റൂർ ധ്യാനകേന്ദ്രം, എറണാകുളം

ഫോൺ: 9446040508, 8606740508

ഒക്ടോബർ 2-7; 16-21; 30-നവംബർ 4 ആന്തരികസൗഖ്യധ്യാനം

ഒക്ടോബർ 23-26 ആത്മാഭിഷേകധ്യാനം

ഒക്ടോബർ 17-21 എബൈഡ്

ചാവറ ധ്യാനകേന്ദ്രം, പരപ്പ് , കട്ടപ്പന

ഫോൺ: 9497321466, 9744933997

എല്ലാ മാസവും ആദ്യ വെള്ളി 5 pm -ചൊവ്വ 10 pm വരെ

താബോർ ധ്യാകേന്ദ്രം, ഏഴുമുട്ടം

ഫോൺ: 9447824554, 04862262167

ഒക്ടോബർ 4-9; 18-23 ആന്തരികസൗഖ്യധ്യാനം

ഒക്ടോബർ 25-30 വരദാനവളർച്ചാധ്യാനം

ഇമ്മാനുവേൽ ധ്യാനകേന്ദ്രം. കാഞ്ഞിരിപ്പള്ളി രൂപത

ഫോൺ: 9605437377, 9037209199

ലഹരി വിമോചന കുടുംബനവീകരണധ്യാനം

എല്ലാ മാസവും 10 മുതൽ 17 വരെ.

വിമലഹൃദയ ധ്യാനകേന്ദ്രം, കമ്പിവിള, കൊട്ടിയം

ഫോൺ: 9947634071, 9400767199

കുട്ടികൾക്കുള്ള കൂട്ടായ്മ : രണ്ടാം ശനി 9.30 മുതൽ 2 മണി വരെ

ഏകദിന ധ്യാനം : എല്ലാ മൂന്നാം ശനി

സീനായ് ധ്യാനകേന്ദ്രം, മുണ്ടൂർ, പാലക്കാട്

ഫോൺ: 8547393133, 8593990133

വിമലഗിരി കപ്പൂച്ചിൻ ധ്യനകേന്ദ്രം പട്ടാരം, കണ്ണൂർ

ഫോൺ: 9745017131

ഒക്ടോബർ 17-21 യുവജനധ്യാനം

ഒക്ടോബർ 24-27 ആന്തരികസൗഖ്യധ്യാനം

ഗദ്സെമൻ റിട്രീറ്റ് സെന്റർ, കോഴിക്കോട്

ഫോൺ: 8921285127,9037735394

ഒക്ടോബർ 3 ഏകദിന കൺവെൻഷൻ

ഒക്ടോബർ 8-11 ആന്തരികസൗഖ്യധ്യാനം

ധ്യാനകേന്ദ്രത്തിലെ ശുശ്രൂഷകൾ പ്രസിദ്ധീകരിക്കാൻ ബന്ധപ്പെടുക :

Ph: 9496862640, 0480-2708314, 9447696622

NB: ഒരു മാസം മുൻകൂട്ടി അറിയിക്കുന്ന തിയ്യതികളെ പ്രസിദ്ധീകരിക്കാൻ സാധിക്കൂ

കൊട്ടിക്കലാശം

ഒരു രാജാവിന്റെ ഏക മകളുടെ വിവാഹാലോചനയിലാണ് രാജാവ്. മറ്റു സന്താനങ്ങളൊന്നും ഇല്ലാത്തതുകൊണ്ട് തന്റെ മകളെ വിവാഹം കഴിക്കുന്നയാൾ തനിക്കുശേഷം രാജ്യം ഭരിക്കേണ്ട അവകാശിയായി മാറും. അതുകൊണ്ട് വളരെ ആലോചിച്ചുള്ള നീക്കങ്ങളാണ് രാജാവ് നടത്തുന്നത്. ഒടുവിൽ രാജാവ് ഒരു മാർഗ്ഗം കണ്ടുപിടിച്ചു, യുദ്ധം സംഘടിപ്പിക്കുക. യുദ്ധമെന്നാൽ മനസിലാക്കാൻ എളുപ്പത്തിന് പഞ്ചഗുസ്തി എന്നോ മറ്റോ നമുക്ക് ഭാവനയിൽ കാണാം. അതായത് തന്റെ രാജ്യത്തെ ഏതു യുവാവിനും ഈ മത്സരത്തിൽ പങ്കെടുക്കാം ഒടുവിൽ എല്ലാവരോടും ജയിച്ചു വരുന്നവൻ രാജകുമാരിയുടെ ഭർത്താവാകും.

രാജാവ് മത്സരം പ്രഖ്യാപിച്ചു, നിരവധി ചെറുപ്പക്കാർ രാജകുമാരിയെ വിവാഹം കഴിക്കാൻ ആഗ്രഹിച്ച് രംഗത്തുവന്നു. പല ഘട്ടങ്ങളിലായി പലയിടങ്ങളിൽ വാശിയേറിയ മത്സരം അരങ്ങേറി. കുറേപ്പേർ ജയിച്ചു കുറേപ്പേർ തോറ്റു അങ്ങനെ ദിവസങ്ങൾ പലതു കഴിഞ്ഞു. ഒടുവിൽ രണ്ടുപേർ മാത്രമായി. ഇനിയാണ് പ്രധാന മത്സരം. ഇതിൽ ജയിക്കുന്നവനാരോ അവനാണ് രാജകുമാരിയെ വിവാഹം കഴിക്കാൻ ഭാഗ്യം ലഭിക്കുന്നത്. മത്സരദിനം പ്രഖ്യാപിച്ചു രാജ്യം മുഴുവനും എന്നതുപോലെ കൊട്ടാരമുറ്റത്ത് ജനക്കൂട്ടം വന്നുകൂടി. തങ്ങളുടെ രാജ്യം ഭരിക്കേണ്ടയാളെ തിരഞ്ഞെടുക്കുന്ന മത്സരം കൂടിയായതിനാൽ ജനം വളരെ ആവേശത്തിലാണ്.

പരസ്പരം മത്സരിക്കേണ്ട രണ്ടു ചെറുപ്പക്കാരും ഒരേ ദൈവത്തിൽ വിശ്വസിക്കുന്നവർ ഒരേ പ്രാർത്ഥനാരീതികൾ അവലംബിക്കുന്നവർ. അവരിരുവരും തങ്ങളുടെ ദൈവത്തോട് ദീർഘനേരം പ്രാർത്ഥിച്ചു. അവരുടെ ആവശ്യം ദൈവത്തെ അറിയിച്ചു. യുദ്ധം തുടങ്ങി പൊരിഞ്ഞ പോരാട്ടം. ആരും വിട്ടുകൊടുക്കുന്നില്ല. ആരും ജയിക്കാം എന്നവിധം ആവേശം അലയടിച്ചു. ഒടുവിൽ ഒരുവൻ ജയിച്ചു, മറ്റൊരുവൻ തോറ്റു. രാജാവ് വിജയിയെ പ്രഖ്യാപിച്ചു. ജനക്കൂട്ടം വിജയിയെ പൊക്കിയെടുത്ത് ആനപ്പുറത്തിരുത്തി ആഘോഷം ആരംഭിച്ചു. പരാജിതൻ കണ്ണിൽ ഇരുട്ടുകയറി ബോധരഹിതനായി നിലത്തു കിടന്നു.

സാവധാനം അന്തരീക്ഷം തലകീഴ്മറിഞ്ഞു ആഘോഷം കൊടുമ്പിരിക്കൊണ്ടപ്പോൾ ആന വിരണ്ടു. ആനപ്പുറത്തിരുന്ന വിജയി തെന്നിത്താഴെ വീണു. ആനയുടെ ചവിട്ടേറ്റു മരിച്ചു. ജനമാകെ അമ്പരന്നു രാജാവാകേണ്ടവൻ മരിച്ചിരിക്കുന്നു. ജനക്കൂട്ടം ഇളകിവശായി. പ്രതിസന്ധി പരിഹരിച്ചുകൊണ്ട് ഉടനേ രാജാവിന്റെ പ്രഖ്യാപനം വന്നു. തോറ്റവന് രാജകുമാരിയെ വിവാഹം കഴിക്കാം.

തോറ്റവൻ ദൈവത്തോട് ചോദിച്ചു, ഇവനെന്തുകൊണ്ടാണ് ഈ ഗതി വന്നത്, അവനും എന്നെപ്പോലെ തന്നെ നിന്നോട് പ്രാർത്ഥിച്ചതല്ലേ? ദൈവത്തിന്റെ മറുപടി നമ്മെയെല്ലാം അതിശയിപ്പിക്കുന്നതായിരുന്നു. എനിക്കാരെയും ഉപേക്ഷിക്കാനറിയില്ല. അവൻ ചോദിച്ചത് അവനും നീ ചോദിച്ചത് നിനക്കും ഞാൻ തന്നു! അവനെന്നോട് ചോദിച്ചത് യുദ്ധവിജയമാണ്. നീ ചോദിച്ചതോ രാജകുമാരിയെയും.

പ്രിയ വായനക്കാരെ ദൈവത്തോട് ഓരോന്ന് ചോദിക്കുമ്പോൾ ഒരു വീണ്ടുവിചാരം നല്ലതാണ്. യുദ്ധവിജയമാണോ രാജകുമാരിയെയാണോ ചോദിക്കേണ്ടത്, ജീവിതവിജയമോ നിത്യജീവനോ? ജീവിതം വിജയിച്ചതുകൊണ്ട് നിത്യജീവൻ ലഭിക്കണമെന്നില്ല. എന്നെപ്രതി സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്നവൻ അത് കണ്ടെത്തും എന്നാണല്ലോ യേശു പറഞ്ഞത്. നിത്യജീവൻ നഷ്ടപ്പെടുത്തുന്ന ഒരുവിജയവും നമുക്കാവശ്യമില്ല. യേശുവിന്റെ വസ്ത്രവിളുമ്പിൽ സൗഖ്യമുണ്ട് ശരീരരക്തങ്ങളിൽ നിത്യജീവനും.

നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും
സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോസ് 16:15)

സുവിശേഷപ്രചരണത്തിൽ ഞങ്ങളോടൊപ്പം നിങ്ങൾക്കും പങ്കാളികളാകാം

വചനോത്സവം
വായിച്ചശേഷം
മറ്റുള്ളവർക്ക്
കൊടുത്തുകൊണ്ട്

മറ്റുള്ളവരുടെ
വിലാസത്തിൽ
വചനോത്സവം അയച്ചു
കൊടുത്തുകൊണ്ട്

കൂടുതൽ
വചനോത്സവം വാങ്ങി
വിതരണം
ചെയ്തുകൊണ്ട്

ആശുപത്രികൾ,
മിഷൻ മേഖലകൾ, ലൈബ്രറികൾ,
തെരുവോരങ്ങൾ എന്നിവിടങ്ങളിൽ
വചനോത്സവം
വിതരണം ചെയ്യാൻ സാമ്പത്തികമായി
സഹായിച്ചുകൊണ്ട്



തുടരും

അക്കൗണ്ട് വിവരങ്ങൾ

Name : Vachanolsavam
Number : 0012053000006879
IFSC : SIBL0000012
Bank : South Indian Bank
Branch : Chalakudy

പണമടച്ച ശേഷം എന്തിനുള്ളതെന്ന് വ്യക്തമാക്കി
9447696622 എന്ന നമ്പറിലേക്ക് സന്ദേശമയക്കുക

വിലാസം:
Manager
Vachanolsavam
Potta - 680 722
Chalakudy, Thrissur Dt.,
Kerala

Printed and Published by Fr.Georgekutty Thayyanattuvely on behalf of Fr. Michael Panachickel V.C. and Printed at Divine Printers and Publishers Muringoor P.O, Chalakudy 680 309 and Published from Vincentian Trust of Vachanolsavam
Edappally, Cochin 682 024. Editor Fr. Joseph Edattu.

VACHANOLSAVAM
LANGUAGE: MALAYALAM MONTHLY POSTAL
REGISTERED. NO. KL/EKM/212/2024-26

R.N.I. No. 44576/1986/ UNDER GOVT. OF INDIA, VOL- 41 /
ISSUE - 349 / OCTOBER 2026 / PAGES 36 / Price ₹12.00
(Date of Publication 18-09-2026)



മധ്യസ്ഥപ്രാർത്ഥന

നിങ്ങളുടെ നിയോഗങ്ങൾക്കായി ഞങ്ങൾ പ്രാർത്ഥിക്കാം
ദിവ്യകാരുണ്യസന്നിധിയിൽ നിയോഗങ്ങൾ എഴുതിവച്ചും
പരിശുദ്ധ കുർബാന അർപ്പിച്ചും ജപമാലചൊല്ലിയും പ്രാർത്ഥിക്കുന്നു.
നിയോഗങ്ങൾ അറിയിക്കേണ്ട നമ്പർ 9447696622
ലഭിച്ച അനുഗ്രഹങ്ങൾ ദൈവമഹത്ത്വത്തിനായി വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താവുന്നതാണ്.

വചനോത്സവം തപാലിൽ ലഭിക്കാൻ

QR code സ്കാൻ ചെയ്ത് 140 രൂപ അടച്ച് സ്ക്രീൻ ഷോട്ടും
അഡ്രസ്സും 9447696622 എന്ന നമ്പറിലേക്ക് അയച്ചാൽ വചനോത്സവം
ഒരു വർഷം തപാലിൽ ലഭിക്കും.